
Voice
Santhome
Digital MagazinE
LK/2018/32025

# Voice Santhome 2020

## എഡിറ്റോറിയൽ


**Chief Editor**

Betty Thomas

**Sub Editors**

Annamma Cleetus

Sudeep Santhosh

Ansil C. Y

**Editorial Board**

Jebin Thomas

Meharin Salim

Ameena Shaji

Ameena Ashraf

**Design & Layout**

Alfiya Nazer

Haya Jasmin C S


ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റിയതിനോടൊപ്പം കുട്ടികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിനുതകുന്ന തരത്തിൽ  ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പോലെയുള്ള സംരംഭങ്ങൾ പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചതും കൃത്യമായ പരിശീലനങ്ങളിലൂടെ അവ വിജയകരമായി മുമ്പോട്ടുകൊണ്ടുപോകുന്നതും ഭരണസാരഥ്യം വഹിക്കുന്നവരുടെ ദീർഘവീക്ഷണത്തിന് തെളിവാണ്. പ്രോഗ്രാമിങ്, റോബോട്ടിക്സ്, റാസ്പ്ബറി പൈ, അനിമേഷൻ, ഭാഷാകംപ്യൂട്ടിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഇന്റർനെറ്റ് തുടങ്ങി നിരവധി സാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിനൊപ്പം മൂല്യബോധമുള്ള തലമുറയായി വളർന്നുവരാനും ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതി സഹായിക്കുന്നുണ്ട്.   കുട്ടികളിലെ സർഗാത്മകതയെ കണ്ടെത്തി വികസിപ്പിക്കാനും ഗ്രാഫിക്സിലും ഭാഷാകംപ്യൂട്ടിങ്ങിലും പഠിച്ച പാഠങ്ങൾ പ്രയോഗിക്കാനും അവസരമൊരുക്കിയ ഈ മാഗസിന്റെ താളുകൾ നിങ്ങൾക്കിഷ്ടമാകുമെന്ന പ്രതീക്ഷയോടെ

ബെറ്റി തോമസ്
ചീഫ് എഡിറ്റർ

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**
**സാൻതോം ഹൈസ്കൂൾ കണമല**
**LK/2018/32025**

Voice San Thome 2020

# ഉള്ളടക്കം

| Page No | പേര് |
|---|---|
| 04 | കളിച്ച് വളരേണ്ട പ്രായം |
| 11 | മലയാളശൈലികൾ |
| 16 | ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം? |
| 20 | മാൻ കുടുങ്ങി |
| 22 | ഒന്നു ചിന്തിക്കൂ |
| 23 | കാറ്റും ഞാനും |
| 24 | മനുഷ്യർ എന്തുകൊണ്ട് ജീവിക്കുന്നു? |
| 28 | വീട്ടിൽ സ്വയം നിർമ്മിക്കാൻ പറ്റിയ ജൈവകീടനാശിനികൾ |
| 30 | വീട്ടിൽ തയ്യാറാക്കാം അടിപൊളി ജൈവവളം |
| 32 | സാഹിത്യക്വിസ് |
| 35 | സംഗീതം- നൃത്തം- നുറുങ്ങുകൾ |
| 37 | എഴുത്തിലെ മൗലികത |
| 39 | കൃഷിച്ചൊല്ലുകൾ |
| 42 | മാങ്ങാപ്പച്ചടി |
| 43 | എന്താണ് വിക്കിപ്പീഡിയ? |
| 45 | ആരോ? |
| 54 | കളി കണമലയിലെ കുട്ടികളോട് വേണ്ട |
| 56 | അമ്മ പറഞ്ഞത് |
| 60 | മാതൃത്വത്തിന്റെ വില |

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
സാൻതോം ഹൈസ്കൂൾ കണമല
LK/2018/32025




**എഴുത്ത്: ഡോ. റോയ് ജോൺ അസി.പ്രൊഫസർ, ജി.സി.പി.ഇ കോഴിക്കോട്**

'ബഹുമാനപ്പെട്ട ഹെഡ് മാസ്റ്റർ, പ്രിയപ്പെട്ട രക്ഷിതാക്കളേ,'

സിസിലി ടീച്ചർ പതുക്കെയാണ് സംസാരിച്ചു തുടങ്ങിയത്.

'ഹെഡ്മാസ്റ്റർ തുടക്കത്തിൽ സൂചിപ്പിച്ചതു പോലെ, ഒരൊറ്റ ആവശ്യം മുൻനിർത്തിയാണ് ഇന്ന് പി ടി എ യുടെ പ്രത്യേകയോഗം വിളിച്ചു ചേർത്തത്. കഴിഞ്ഞ കുറച്ചുകാലമായി നിങ്ങളുമായി ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. കഴിഞ്ഞ ദിവസം എന്റെ തന്നെ ക്ലാസ്സിലെ ഒരു കുട്ടി, ക്ലാസ്സിൽ തല കറങ്ങി വീണു. അത് ആദ്യ സംഭവമല്ല. പല കുട്ടികളും പലപ്പോഴായി ഇതിന് സമാനമായ അവസ്ഥയിലൂടെ കടന്നു പോയിട്ടുണ്ട്.'

‘എന്തുകൊണ്ട് ഇത് സംഭവിക്കുന്നു എന്ന് ഞങ്ങൾ അധ്യാപകർ പരിശോധിക്കുകയുണ്ടായി. കുട്ടികളുമായി ഞങ്ങൾ വിശദമായി ചർച്ച ചെയ്തു. ഞങ്ങൾ തിരിച്ചറിഞ്ഞ കാര്യങ്ങൾ നിങ്ങളുമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതുകൊണ്ടാണ് ഇങ്ങനെയൊരു യോഗം വിളിച്ചു ചേർത്തത്. ആദ്യമേ പറയട്ടെ, എല്ലാവരും പങ്കാളികളായുള്ള ഒരു ചർച്ചയാണ് നമുക്കാവശ്യം. അതുകൊണ്ട് ഞാൻ ഒരു



പ്രസംഗത്തിന് മുതിരുന്നില്ല. കുട്ടികളുമായുള്ള ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഞങ്ങൾ കണ്ടെത്തിയ കാര്യം ഒറ്റ വാക്യത്തിൽ ഞാൻ പറയാം. നമ്മുടെ കുട്ടികളിൽ വലിയൊരു പങ്കിനും കായികക്ഷമത കുറവാണ്. പലരും വിളർച്ച രോഗം ബാധിച്ചവരാണ്. പഴയ കാലത്തെപ്പോലെ പട്ടിണി കിടക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളല്ല ഇന്ന് ഈ സ്കൂളിലുള്ളത്. അപ്പോൾ പിന്നെ, ഇത്തരം ഒരവസ്ഥ എങ്ങിനെ വരുന്നു? അതിന്റെ കാരണങ്ങളിലേയ്ക്കും പരിഹാരങ്ങളിലേയ്ക്കുമാണ് ഇന്ന് നമുക്ക് പോവേണ്ടത്.’

ഇത്രയും പറഞ്ഞ് ടീച്ചർ കസേരയിൽ ഇരുന്നു. ഹാളിൽ ഒരൊച്ചയുമില്ല. ആരും സംസാരിക്കാൻ തയ്യാറാവുന്നില്ലെന്ന് കണ്ടപ്പോൾ ഹെഡ്മാസ്റ്റർ എഴുന്നേറ്റു.

‘ചർച്ചയിൽ ഇടപെട്ട് വിദഗ്ധ അഭിപ്രായങ്ങൾ പറയാൻ കഴിവുള്ളവർ ഇവിടെ ഉണ്ടെന്ന് എനിക്കറിയാം. ഓരോരുത്തരേയും പേരെടുത്ത് ക്ഷണിക്കുന്നില്ല. എല്ലാവർക്കും ചർച്ചയിലേയ്ക്ക് സ്വാഗതം.’

വീണ്ടും മൗനം. കുറച്ചു കഴിഞ്ഞപ്പോൾ ഗൗരവ് പി യുടെ അച്ഛൻ പതിയെ എഴുന്നേറ്റു. എല്ലാ കണ്ണുകളും അയാളുടെ നേരെ നീണ്ടു.

‘ഞാനൊരു വിദഗ്ധനൊന്നുമല്ല. ടീച്ചർ പറഞ്ഞ കാര്യം എനിക്കും മുമ്പ് തോന്നിയിട്ടുണ്ട്. നമ്മുടെ കുട്ടികൾ ആരോഗ്യകാര്യത്തിൽ, പ്രത്യേകിച്ച് കായികക്ഷമതയുടെ കാര്യത്തിൽ പുറകോട്ടു പോവുന്നുണ്ട്. എനിക്ക് തോന്നുന്നത് അവർക്ക് വ്യായാമം വളരെ കുറഞ്ഞിരിക്കുന്നുവെന്നാണ്. പാടത്തും പറമ്പത്തുമൊക്കെ ഓടിച്ചാടി കളിച്ചിരുന്ന ഒരു കുട്ടിക്കാലമാണ് നമുക്കൊക്കെ ഉണ്ടായിരുന്നത്. ഇന്ന് എല്ലാ കുട്ടികൾക്കും ഇങ്ങനെ കളിക്കാൻ അവസരം കിട്ടുന്നുണ്ടോ? നല്ല ഭക്ഷണം, നല്ല വ്യായാമം, നല്ല മനസ്സ് ഇതൊക്കെ ചേർന്നാലല്ലേ പ്രസരിപ്പുള്ള ജീവിതശൈലി ഉണ്ടാവൂ; ആരോഗ്യമുള്ള ഒരു വ്യക്തി ഉണ്ടാവൂ.. കുട്ടിക്കാലത്തെ വ്യായാമം എന്നാൽ കളികൾ തന്നെയാണ്. പലരും മത്സരപരീക്ഷകളിൽ ഒന്നാമതാകാൻ ശ്രമിക്കുമ്പോൾ കളിക്കാൻ മറന്നു പോവുന്നു. ഫലമോ, ജീവിതമെന്ന പരീക്ഷയിൽ ബഹുദൂരം പിൻതള്ളപ്പെടുന്നു. നമ്മൾ മറന്നു പോവുന്നത്, കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലിയാണ് യൗവനത്തിലും വാർദ്ധക്യത്തിലും നമ്മുടെ ആരോഗ്യം നിലനിർത്തുന്നത് എന്ന കാര്യമാണ്.’

‘അതിന് കുട്ട്യോൾക്ക് കളിക്കാൻ സമയം കിട്ടണ്ടേ?’ അനുരാധയുടെ അമ്മയാണ് അത് പറഞ്ഞത്.

‘ബാക്കി കൂടി പറയൂ ചേച്ചീ.’ അടുത്തിരുന്നയാൾ പ്രോത്സാഹിപ്പിച്ചു.

‘പഠിക്കാൻ തന്നെ ഒത്തിരിയുണ്ട് കുട്ട്യോൾക്ക്. സ്കൂളിലെ കാര്യങ്ങൾ തന്നെ ചെയ്യാനുണ്ടാകും വീട്ടിൽ വന്നാൽ. പുസ്തകക്കുറിപ്പെഴുതാനും നിരീക്ഷണം നടത്താനുമൊക്കെ. ഞാനാരേയും കുറ്റം പറയ്യ്വൊന്നല്ല. അതിനു പുറമെയാണ് പല രക്ഷിതാക്കളും മക്കളെ ട്യൂഷന് പറഞ്ഞയക്കുന്നത്. രാവിലേം ട്യൂഷൻ, വൈന്നേരോം ട്യൂഷൻ, ശനീം ഞായറും ട്യൂഷൻ.. ആരാനും മക്കളെ ഭാഗത്ത് നിന്ന് ചിന്തിക്കലുണ്ടോ? ഇനി ഇതൊന്നും പോരാഞ്ഞ് ഡാൻസ് ക്ലാസ്സ്, പാട്ട് ക്ലാസ്സ്, പിന്നെന്തെല്ലോ ഒരുട്ടം ക്ലാസ്സുകളാ. എല്ലാം കൂടെ മക്കളെ തലേല് കെട്ടിവെച്ച് കൊടുക്കും. ന്നിട്ട് ങ്ങള് ഓര് കളിക്കുന്നില്ലാന്നാ പറേന്നേ.’

‘ചേച്ചി പറഞ്ഞത് മുഴ്വോൻ ശരിയാ. ഇനീംണ്ട്. മദ്രസ്സേം സൺഡേ സ്കൂളും അങ്ങനെ ഒരുട്ടം സംഗതികള് ഇതിന് പുറമേ.’

അസ്നയുടെ ഉമ്മയാണ്.

രാവിലെ ആറ് മണിക്ക് മക്കള് വീട്ടിന്നെറങ്ങും. അതൊക്കെ കഴിഞ്ഞ് വന്ന് ഇവര്ക്ക്

ഒരിത്തിരി വെള്ളം കുടിക്കാൻ നേരണ്ടോ. ക്ലാസ്സില് വൈകുംന്ന് പറഞ്ഞ് ഒരോട്ടമാ.' അവർ പറഞ്ഞു നിർത്തി.

'അപ്പറഞ്ഞത് പ്രധാനപ്പെട്ട കാര്യാണ് ട്ടോ.' പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ നഴ്സ് ആയ രാഗിണി എഴുന്നേറ്റു.



'കേരള ആരോഗ്യവകുപ്പിന് കീഴിലുള്ള ഫുഡ് & ന്യൂട്രീഷൻ വിഭാഗവും സംസ്ഥാന സ്കൂൾ ഹെൽത്ത് പ്രോഗ്രാമും സംയുക്തമായി എല്ലാ ജില്ലകളിലും ഒരു പഠനം നടത്തിയിരുന്നു, കുറച്ച് മുമ്പ്. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ 40 ശതമാനം പേർ ശരിയായ രീതിയിൽ പ്രഭാതഭക്ഷണം കഴിക്കാത്തവരാണ് ന്നാണ് അന്ന് കണ്ടെത്തിയത്. ഇതേ വല്ല്യൊരു പ്രശ്നാ. കുട്ട്യോള്ക്ക് രാവിലത്തെ ഭക്ഷണം വളരെ പ്രധാനപ്പെട്ടതാ. ന്നാലോ അധികപേരും തീരേ ശ്രദ്ധിക്കാത്തതും അതു തന്നെ. ഇതുമൂലം കുട്ടികളിൽ പോഷകാഹാരക്കുറവും ഭാരക്കുറവും എല്ലാം ണ്ടാവ്ണ്ണ്ട്..'

'എന്റെ അഭിപ്രായത്തില് കുട്ട്യോള്, ച്ചിരി ദൂരം നടക്കുന്നതൊക്കെ നല്ല കാര്യാ. അതിന്, അതെങ്ങെനയാ, സമ്മതിക്കുലല്ലോ. എൽ കെ ജി മുതല് തൊടങ്ങും, വീട്ടു പടിക്കല് ന്ന് കേറി സ്കൂള് വരെ ബസ്സ്, അല്ലേല് ഓട്ടോ. വന്ന് വന്ന് ഇപ്പം മക്കള്ക്ക് ഒരരക്കിലോമീറ്ററ് നടക്കാൻ കഴിയാതെ ആയി. ഓട്ടുന്നത് പിന്നെ പറയണോ. ഞാനിന്നാള് ഒരു കുട്ടീനോട് പറഞ്ഞ്. മോനേ ലേശം നടക്കണതൊക്കെ ആരോഗ്യത്തിന് നല്ലതാന്ന്. അവനെന്നെ ഒരു നോട്ടം. അവൻ ത്തിരി അപ്പുറത്തുള്ള സ്കൂളിൽ പോവാൻ വഴീലൂടെ വരുന്ന എല്ലാ ബൈക്കിനും കൈ കാണിക്ക്വായിരുന്നു.' സുബാഷ് ഒറ്റ ശ്വാസത്തിലാണ് പറഞ്ഞത്.

'ഇതൊക്കെ കേട്ടപ്പം എനിക്കൊരു സംശയം. ഇതൊക്കെ ആരെ കൊഴപ്പാന്ന്. ഇതൊക്കെ വേറെ ആരും ചെയ്യുന്നതൊന്നും അല്ലല്ലോ. നമ്മള് രക്ഷിതാക്കള് തന്നെ ചെയ്യുന്ന കാര്യല്ലേ. ഇവിടിരിക്കണോര് എത്ര പേര് മക്കളെ പുറത്തേക്ക് കളിക്കാൻ വിടും. പൊറത്തേക്ക് വിടാൻ മടിച്ചിട്ട് അവര്ക്ക് വീഡിയോ ഗെയിമും കമ്പ്യൂട്ടർ ഗെയിമും ഒക്കെ കൊടുക്കുന്നത് നമ്മളൊക്കെ തന്നെ അല്ലേ? അടുത്ത വീട്ടിലെ കുട്ട്യോളെ കൂട്ടത്തിൽ കളിക്കാൻ സമ്മതിക്കുല.

അതെങ്ങിനാ? എല്ലാരും സ്വന്തം ജാതിക്കാരും മതക്കാരും നടത്തണ സ്കൂള് നോക്കിയല്ലേ കുട്ടീനെ ചേർക്കണത്. അടുത്ത വീട്ടിലെ കുട്ട്യോളോട് കൂടിക്കളിച്ചാൽ മോശായിപ്പോവൂലേ.' റസാക്ക് എപ്പോഴും അങ്ങിനെയാ. പറയാനുള്ളത് ആരോടും പറയും. മറച്ചുവെച്ച് സംസാരിക്കുന്ന ശീലം മൂപ്പർക്കില്ല.

'റസാക്കിന് എന്റെ വക ഒരു ചായ, ട്ടോ.' സജിത ചിരിച്ചുകൊണ്ട് എഴുന്നേറ്റു.

'എൽ കെ ജി തൊട്ടെന്നല്ലേ, സുബാഷേ നിങ്ങള് പറഞ്ഞത്. എന്നാൽ ഞാൻ അതിനും മുമ്പത്തെ കാര്യാണ് ട്ടോ പറയാൻ പോവുന്നത്.

ഗർഭകാലത്തെ അമ്മയുടെ ജീവിതശൈലി ഒരാളുടെ ജീവിതത്തെ സ്വാധീനിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. ഗർഭകാലം വിശ്രമവേളകളായി കരുതുന്നവരാണ് ഇന്ത്യക്കാർ, പ്രത്യേകിച്ചും കേരളീയർ ല്ലേ. എന്നാലേ, കാനഡയിലെ മോൺട്രിയൽ സർവകലാശാലയിലെ ഗവേഷകർ ഗർഭിണികളിൽ നടത്തിയ നിരീക്ഷണത്തില് കണ്ടെത്തിയത് എന്താന്നറിയ്യോ? ഗർഭിണികളുടെ വ്യായാമം ഗർഭസ്ഥശിശുവിന്റെ തലച്ചോറിനെ ഉദ്ദീപിപ്പിക്കുമെന്നാണ്. അതായത്, കുട്ടികളുടെ തലച്ചോറിന്റെ വളർച്ചയ്ക്കും ഓർമശക്തിക്കും അമ്മമാരുടെ വ്യായാമം ഗുണകരമാണെന്ന് . വ്യായാമം ചെയ്യുമ്പോൾ അമ്മമാരുടെ ശരീരത്തിൽ പ്രത്യേക തരം രാസപദാർത്ഥം ഉൽപ്പാദിപ്പിക്കപ്പെടുമത്രേ. ഇത് കുഞ്ഞിന്റെ മസ്തിഷ്ക വികാസത്തിന് ഗുണകരമാണ്. അപ്പോ, അവിടുന്ന് തുടങ്ങണം നമ്മൾ.'

'അല്ലാ നമ്മളെ ഡോക്ടറൊന്നും പറഞ്ഞില്ലാലോ.' രാജീവൻ മാസ്റ്റർ ഇടയിൽ പറഞ്ഞു.

'ഞാനിത്തിരി വൈകി. അതിന് എല്ലാരോടും ക്ഷമ ചോദിക്കുന്നു. ഏതായാലും ഇവിടെ നടന്നതൊക്കെ ഇതിനെടേല് സുഷമയോട് ചോദിച്ചു മനസ്സിലാക്കി. ഒന്നുരണ്ടു കാര്യം മാത്രം ഞാൻ പറയാം.'

'നമ്മളോട്, ജീവിതലക്ഷ്യം എന്താണെന്ന് ചോദിച്ചാൽ പലർക്കും വ്യത്യസ്തമായ അഭിപ്രായങ്ങളാണ് ഉണ്ടാകുക, അല്ലേ? പ്രശസ്തി, നല്ല ജോലി, പണം ഇങ്ങനെ പലതുമാവാം ഓരോരുത്തരുടേയും ഉത്തരം. എന്നാൽ യഥാർത്ഥത്തിൽ, ഒരേയൊരു ലക്ഷ്യമാണ് എല്ലാവർക്കുമുള്ളത്. സന്തോഷത്തോടെ ജീവിക്കുക Lead a Happy Life.'

'പക്ഷേ, ഉയർന്ന ജീവിതനിലവാരം ഉറപ്പുവരുത്താനുള്ള കഠിന ശ്രമങ്ങൾക്കിടയിൽ

നമ്മളറിയാതെ ഇന്ന് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത് നമ്മുടെ ആരോഗ്യമാണ്.

അമേരിക്കയിലെ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ.ജെഫ്രി സാഷിന്റെ നേതൃത്വത്തിൽ 'എർത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊളംബിയ' നടത്തിയ പഠനം നമ്മുടെ ഏവരുടേയും കണ്ണ് തുറപ്പിക്കേണ്ടതാണ്. 2030 ആകുമ്പോഴേയ്ക്കും ഇന്ത്യയിൽ ഹൃദയവും രക്തധമനികളുമായി ബന്ധപ്പെട്ടുള്ള മരണങ്ങളിൽ 35 ശതമാനവും 35 നും 64 നും ഇടയിലുള്ള പ്രായത്തിലാ യിരിക്കുമെന്ന് അവർ മുന്നറിയിപ്പ് നൽകുന്നു. അതായത് പഠനവും ജോലി സമ്പാദനവും കഴിഞ്ഞ് ജീവിതത്തിലേക്ക് കാലെടുത്തു വെയ്ക്കുമ്പോഴേക്കും നാം രോഗികളാകുമെന്ന്. ഇത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തന്നെ ബാധിക്കും.

അമേരിക്കയിലെ 'എസ്കോർട്സ് ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടി'ലെ ഹൃദ്രോഗ വിദഗ്ധൻ ഡോ. അശോക് സേത് പറയുന്നത് ഹൃദ്രോഗം ബാധിക്കാനുള്ള ഇന്ത്യൻ ജനതയുടെ പ്രായം 40 ൽ നിന്നും 30 ലേക്ക് കുറഞ്ഞിരിക്കുന്നു എന്നാണ്. ഇതിന് പ്രധാന കാരണം, മാറിയ ജീവിതശൈലിയാണ്. അമേരിക്കയിലെ ഹൃദ്രോഗ വിദഗ്ധനും സി.എ.ഡി.ഐ. (CADI) യുടെ ഡയറക്ടറും മലയാളിയുമായ ഡോ.ഈനാസ് കെ ഈനാസിന്റെ വാക്കുകൾ കടമെടുത്താൽ, തോക്കിൽ തിര നിറയ്ക്കുന്നത് ജനിതകമാണെങ്കിൽ കാഞ്ചി വലിക്കുന്നത് ജീവിതശൈലിയാണ്. അപ്പോ, ഞാൻ പറഞ്ഞുവരുന്നത് നമ്മുടെ കുട്ടികളുടെ കാര്യ ത്തിലെങ്കിലും നമുക്ക് മുൻകരുതലെടു ത്തേ പറ്റൂ. അവർക്ക് കളിക്കാൻ, കളികളിലൂടെ പഠിക്കാൻ, ആവശ്യമായ സാഹചര്യങ്ങൾ നമുക്ക് ഒരുക്കാം. 'വിദ്യാധനം സർവധനാൽ പ്രധാനം' എന്നതു പോലെ 'ആരോഗ്യധനം സർവധനാൽ പ്രധാനം' എന്നും നമുക്ക് പറയാം. നിങ്ങൾക്ക് നന്ദി.' ഡോക്ടർ അവസാനിപ്പിച്ചു.

യോഗാധ്യക്ഷനായ ഹെഡ്മാസ്റ്റർ എഴുന്നേറ്റു.

'വളരെ നല്ലൊരു ചർച്ചയാണ് ഇന്നിവിടെ നടന്നത്. ഇനിയും പലർക്കും പലതും കൂട്ടിച്ചേർക്കാനുണ്ടാവും. പക്ഷേ, സമയം നമ്മളെ അതിന് അനുവദിക്കുന്നില്ല. കളിച്ചു വളരേണ്ട ബാല്യത്തെക്കുറിച്ചാണ് നമ്മുടെ ചർച്ച ഊന്നിയത്. അത് യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നമുക്ക് രൂപം നൽകാം എന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ യോഗം ഇവിടെ അവസാനിപ്പിക്കുകയാണ്. ഇന്നത്തെ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.'

കടപ്പാട്- യുറീക്ക മാസിക



ആമിന ഷാജി



ആമിന അഷ്റഫ്




റോസ്മി തോമസ്


സ്കൂളിലെ
ഓണാഘോഷം.


ഡിജിറ്റൽ
പൂക്കളം


കലോത്സവം
2019-20


ഓണവിശേഷങ്ങൾ..








അശ്വനി അരുൺ

| | |
|---|---|
| അകത്തു കത്തിയും പുറത്തു പത്തിയും | ---ഉള്ളിൽ വിരോധം പുറത്തു സ്നേഹം |
| അലകും പിടിയും മാറ്റുക | ---മുഴുവൻ മാറ്റുക |
| അക്കരപ്പച്ച | ----അകലെയുള്ളതിനോടുള്ള ഭ്രമം |
| അഗ്നിപരീക്ഷ | ----കഠിനമായ പരീക്ഷണം |
| അങ്ങാടിപ്പാട്ട് | ---പരസ്യം |
| അജഗജാന്തരം | ---വലിയ വ്യത്യാസം |
| അഞ്ചാം തരക്കാർ - | ---അധമന്മാർ |
| അഞ്ചാം പത്തി | ----ഒറ്റുകൊടുക്കാൻ സഹായിക്കുന്നവൻ |
| അടിക്കല്ല് മാന്തുക | ----ഉന്മൂലനാശം വരുത്തുക |
| അടി തെറ്റുക | ----സ്ഥാനം പിഴയ്ക്കുക |
| അടി തൊട്ടു മുടിവരെ | -----മുഴുവൻ |
| അടിപണിയുക | ----- സേവ പിടിക്കുക |
| അടിയറ പറയിക്കുക | ----- പരാജയം സമ്മതിപ്പിക്കുക |
| അടിയോടെ | ------മുഴുവൻ |
| അധരവ്യായാമം | ------അർത്ഥശൂന്യ സംസാരം |
| അമരക്കാരൻ | ------മാർഗ്ഗദർശകൻ |
| അരക്കൈനോക്കുക | ------പരീക്ഷിക്കുക |
| അരങ്ങേറ്റം | -------ആദ്യപ്രകടനം |
| അരയും തലയും മുറുക്കുക | ------തയ്യാറാവുക |
| അർദ്ധരാത്രിയിൽ കുടപിടിക്കുക | -----അസ്ഥാനത്തുള്ള ആഡംബരം |
| അലകുംപിടിയും മാറുക | ------മുഴുവൻ പുതുക്കുക |
| അലസിപ്പിരിയുക | ----തീരുമാനം ഇല്ലാതെ പിരിയുക |
| അസ്ഥിവാരം | -----അടിസ്ഥാനം |

| | |
|---|---|
| അളമുട്ടുക | -----ഗതിയില്ലാതാവുക |
| അഴകിയ രാവണൻ | ------പച്ചശൃംഗാരമുള്ളവൻ |
| അറുത്തകൈക്ക് ഉപ്പ് തേക്കാതിരിക്കുക | -----നിർദ്ദയനായിരിക്കുക |
| ആകാശം നോക്കുക | ------ഉത്തരം മുട്ടുക |
| ആചന്ദ്രതാരം | ------എല്ലാക്കാലവും |
| ആകൃതിയും പ്രകൃതിയും | ----- രൂപവും ഭാവവും |
| ആദ്യാവസാനക്കാരൻ | ------ പ്രധാന പങ്കാളി |
| ആനച്ചന്തം | -----ആകെയുള്ള ഭംഗി |
| ആപാദചൂഡം | ------ആകെ |
| അടതാളമട്ട | -----സാവധാനം |
| അഷ്ടമതത്തിൽ ശനി | ------കഷ്ടകാലം |
| ആട്ടിൻകുട്ടിചമയുക | ------സൗമ്യത നടിക്കുക |
| ആയുധം വയ്ക്കുക | ----- കീഴടങ്ങുക |
| ആഷാഢഭൂതി | ------കള്ളസന്യാസി |
| ഇഞ്ചികടിക്കുക | ------ദേഷ്യപ്പെടുക |
| ഇടപഴകുക | ------പരിചയിക്കുക |
| ഇടിവെട്ടിയവനെ പാമ്പുകടിക്കുക | -----ആപത്തിൻ മേൽ ആപത്ത് |
| ഇരയിട്ട മിൻപിടിക്കുക | ------അല്പം ചിലവാക്കി വലിയ ലാഭം ഉണ്ടാക്കുക |
| ഇരുതല മൂരി | ------രണ്ടു പക്ഷത്തും ചേരുന്നവൻ |
| ഇരുതലയും കുട്ടിമുട്ടിക്കുക | ------വരവും ചെലവും സമമാക്കുക |
| ഇരുട്ടുകൊണ്ടോട്ടയടയ്ക്കുക | ----തൽക്കാലപരിഹാരം കാണുക |
| ഇലയിട്ടു ചവിട്ടുക | -- –അറിഞ്ഞുകൊണ്ടപരാധം പ്രവർത്തിക്കുക |
| ഇലവ്കാത്ത കിളി | ---- ഫലമില്ലാത്ത കാത്തിരിപ്പ് |
| ഉടച്ചുവാർക്കുക | ------പുതുക്കുക |
| ഉടുത്തൊരുങ്ങുക | ------തയ്യാറാവുക |
| ഉണ്ട ചോറിൽ കല്ലിടുക | ----നന്ദികേടു കാണിക്കുക |
| ഉദരപൂരണം | ---- ഉപജീവനം |
| ഉപ്പുകൂട്ടിത്തിന്നുക | -----നന്ദികാണിക്കുക |
| ഉപ്പുതൊട്ട്കർപ്പൂരം വരെ | -----എല്ലാ വസ്തുക്കളും |

| | |
|---|---|
| ഉരുളയ്ക്കുപ്പേരി | ------ഉചിതമായ മറുപടി |
| ഉർവശിശാപം ഉപകാരം | -----ദോഷം ഗുണമായിത്തിരുക |
| ഉഴല്ലൂർദേവസ്വം | -----അലഞ്ഞുതിരിഞ്ഞു നടക്കുന്നവൻ |
| ഊണിലും ഉറക്കത്തിലും | ----എല്ലായ്പ്പോഴും |
| ഊരും പേരുമില്ലാത്ത | -----അപ്രസിദ്ധമായ |
| ഊഴിയും നടത്തുക | ------ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുക |
| എൻ പിള്ളനയം | ------സ്വാർത്ഥത |
| എരിതിയിലെണ്ണയൊഴിക്കുക | -----ക്ലേശം വർദ്ധിപ്പിക്കുക |
| എലിയെത്തോല്പിച്ചില്ലം ചുടുക | ------നിസ്സാരകാര്യത്തിന് വലിയ നഷ്ടം വരുത്തുക |
| ഏടു കെട്ടുക | ------പഠിത്തം അവസാനിപ്പിക്കുക |
| ഏണി വയ്ക്കുക | ------സഹായിക്കുക |
| ഏറിയകൂറും | -------ഭൂരിഭാഗവും |
| ഏഴരശശനി | -------വലിയ ദുഷ്കാലം |
| ഒച്ചപ്പാട് | ------വലിയ ശബ്ദം |
| ഒത്താശ | -------സഹായം |
| ഒന്നിനൊന്ന് | -------മേൽക്കുമേൽ |
| ഒമ്പതാമുത്സവം | ------വലിയ ബഹളം |
| ഒരു വെടിക്കു രണ്ടുപക്ഷി | ------ഒരു പ്രവൃത്തി കൊണ്ടു രണ്ടു കാര്യം |
| ഒറ്റുകൊടുക്കുക | ------ ചതിക്കുക |
| ഒളിയമ്പ് | -------രഹസ്യോപദ്രവം |
| ഒഴിയാബാധ | -------മാറാത്ത ഉപദ്രവം |
| ഓലപ്പാമ്പ് | ------ഭീഷണി |
| കച്ചകെട്ടുക | -----തയ്യാറാവുക |
| കടന്നകൈ | -----അതിരു കവിഞ്ഞ രീതി |
| കടലിൽ കായം കലക്കുക | ---അധികം വേണ്ടിടത്ത് അല്പം നല്കുക |
| കടുകിട | ---അല്പംപോലും |
| കടുംകൈ | -----കഠിന പ്രവൃത്തി |
| കടുവാക്കൂട്ടിൽ തലയിടുക | ----സ്വയം അപകടത്തിൽ ചാടുക |
| കടുവായെ കിടുവ പിടിക്കുക | ----ബലവാനെ ദുർബലൻ തോൽപ്പിക്കുക |
| കണക്കുതീർക്കുക - | ------കൊല്ലുക |

| | |
|---|---|
| കൺകുളിരെ | ------തൃപ്തിയാവോളം |
| കണിയാനെ തെങ്ങിൽ കയറ്റുക | -----പരിചയമില്ലാത്ത പ്രവൃത്തി ഏൽപ്പിക്കുക |
| കണ്ടകശ്ശനി | -------ഉപദ്രവകാരി |
| കണ്ഠക്ഷോഭം | -------നിഷ്ഫലമായ സംസാരം |
| കണ്ണ് അടയ്ക്കുക - | --------കണ്ടില്ലെന്നു നടിക്കുക |
| കണ്ണ് അയയ്ക്കുക | --------ദയ കാണിക്കുക |
| കണ്ണിൽചോരയില്ലായ്മ | -------കനിവ് ഇല്ലായ്മ |
| കണ്ണിൽ പൊടിയിടുക | --------കബളിപ്പിക്കുക |
| കണ്ണിലുണ്ണി | ------വാത്സല്യപാത്രം |
| കണ്ണിലെകരട് | ------ഉപദ്രവകാരി |
| കണ്ണുകടി | ------അസൂയ |
| കതിരിന് വളം വയ്ക്കുക | ----അകാലത്തിൽ പ്രവർത്തിക്കുക |
| കമ്പിനീട്ടുക | -----ഓടികളയുക |
| കയ്യാലപ്പുറത്തെ തേങ്ങ | ---ഏതു കക്ഷിയിൽ ചേരണമെന്ന അറിയാത്താൾ |
| കരണം മറിയുക | -----ഒഴിഞ്ഞുമാറുക |
| കലാശം ചവിട്ടുക | -----മംഗളം പാടുക |
| കാക്കപിടിക്കുക | ------സേവപറയുക |
| കാലു പിടിക്കുക | ---അഭിമാനം മറന്ന് യാചിക്കുക |
| കീചകൻ | ------തികഞ്ഞ വിടൻ |
| കീരിയും പാമ്പും | ------ ജൻമ ശത്രുക്കൾ |
| കുടത്തിലെ വിളക്ക് | -------കഴിവ് പ്രകാശിക്കാത്ത ആൾ |
| കുബേരനും, കുചേലനും | -------ധനികനും ,ദരിദ്രനും |
| കുറുക്കനും സിംഹവും | -------കൌശലക്കാരനും ,പരാക്രമിയും |
| കുംഭകർണ്ണസേവ | -------വലിയ ഉറക്കം |
| ഗതാനുഗതികത്വം | ------അനുകരണശീലം |
| ചിറ്റമ്മനയം | ------സ്നേഹം കുറഞ്ഞ പെരുമാറ്റം |
| ചെണ്ട കൊട്ടിക്കുക | ------പറ്റിക്കുക |
| തലമറന്നെണ്ണ തേയ്ക്കുക | ----അവസ്ഥയറിയാതെ പെരുമാറുക |
| ദീപാളി കുളിക്കുക | ----ദുർവ്യയം ചെയ്തു ദരിദ്രനാകുക |
| മർക്കടമുഷ്ടി | ------ ദുശ്ശാഠ്യം |

| | |
|---|---|
| പാലും തേനും ഒഴുകുക | ----ഐശ്വര്യസമൃദ്ധമായിരിക്കുക |
| പാമ്പിനു പാലു കൊടുക്കുക | ---ദുഷ്ടൻമാരെ സഹായിക്കുക |
| പഠിച്ച പണി പതിനെട്ടും നോക്കുക | –കഴിവിന്റെ പരമാവധി നോക്കുക |
| പുത്തരിയിൽ കല്ല് | ---ആരംഭത്തിൽത്തന്നെ അമംഗളം |
| പുലിവാലു പിടിക്കുക | ---തന്നത്താൻ കുഴപ്പത്തിൽ ചാടുക |
| രസച്ചരട് പൊട്ടുക | ---ഇടയ്ക്ക് നീരസം ഉണ്ടാവുക |
| പൊടിയിട്ട് വിളക്കുക | ---കൃത്രിമ ശോഭ ഉണ്ടാക്കുക |
| വെള്ളത്തിൽ എഴുതുക | –വ്യർഥമായ പ്രവൃത്തി |
| വേലിതന്നെ വിളവ് തിന്നുക | ---സ്വപക്ഷത്തിനു ദോഷം വരുത്തുക |
| ശ്ലോകത്തിൽ കഴിക്കുക | ----ചുരുക്കുക |
| സുഗ്രീവാജ്ഞ | ---ദാക്ഷിണ്യം ഇല്ലാത്താജ്ഞ |





## പ്രതിഭയ്ക്കൊപ്പം...

പ്രതിഭയ്ക്കൊപ്പം പരിപാടിയുടെ ഭാഗമായി ശാസ്ത്രജ്ഞയായ ആഷിനെ ഭവന സന്ദർശനം നടത്തി അനുമോദിക്കുന്നു.

# ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം?



ക്രിസ്റ്റീന ജയിംസ്

ഒരിക്കൽ ഒരേ കോളേജിൽ ഒരുമിച്ച പഠിച്ച് പിന്നീട് പല വഴി പിരിഞ്ഞു പോയ അഞ്ച് വിദ്യാർത്ഥികൾ വർഷങ്ങൾക്ക് ശേഷം ഒരുമിച്ച് തങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനെ കാണാനെത്തി. നിറഞ്ഞ സന്തോഷത്തോടെ അവരെ സ്വീകരിച്ചിരുത്തി വിശേഷങ്ങൾ ചോദിച്ചറിഞ്ഞ അധ്യാപകൻ അവരെല്ലാം ഉയർന്ന ജോലികളിലും ഉന്നതമായ നിലകളിലുമാണെന്നറിഞ്ഞ് അതിയായി സന്തോഷിച്ചു.



പക്ഷെ അവരുടെ ആരുടെയും മുഖത്ത് അതിന്റേതായ യാതൊരു സന്തോഷവും അദ്ദേഹത്തിന് കാണാൻ സാധിച്ചില്ല. അവരുടെ സംസാരത്തിൽ മുഴുവൻ നിറഞ്ഞു നിന്നത് അവരവരുടെ തൊഴിൽ പ്രശ്നങ്ങളും ബിസിനസ്സിലെ പ്രതിസന്ധികളും കുടുംബവഴക്കുകളുമൊക്കെയായിരുന്നു.

അപ്പോൾ അവരിലൊരാൾ പറഞ്ഞു, "പണ്ട് ഞങ്ങളുടെ ഏത് പ്രശ്നത്തിനും ഞങ്ങൾ ഉപദേശം തേടിയിരുന്നത് സാറിനോടായിരുന്നു. സാർ അത് വളരെ ലഘുവായി പരിഹരിച്ചു തരികയും ചെയ്യുമായിരുന്നു. അതു കൊണ്ട് തന്നെ ചോദിക്കുകയാണ്? ഈ അല്ലലും അലട്ടലുമൊന്നുമില്ലാതെ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ഞങ്ങളെന്താണ് ചെയ്യേണ്ടത്?"

ഒരു ചെറിയ ആലോചനക്ക് ശേഷം ഗുരുനാഥൻ എഴുന്നേറ്റ് വീടിനകത്തേക്ക് നടന്നു കൊണ്ട് പറഞ്ഞു – "ഞാൻ ചായയെടുക്കാം."

ചായ കുടിച്ചു കഴിഞ്ഞാൽ അദ്ദേഹം തങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ നൽകും എന്ന

വിശ്വാസത്തോടെ അവർ അഞ്ച് പേരും കാത്തിരുന്നു. അൽപം കഴിഞ്ഞപ്പോൾ ഒരു ട്രേയിൽ ചായ നിറച്ച ഗ്ലാസുകളുമായി വന്ന് അതവർക്ക് മുന്നിലുള്ള ടീപ്പോയിൽ വെച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു.

"എല്ലാവരും ചായയെടുത്ത് കുടിക്കൂ."

ഉടനെ അവർ അഞ്ച് പേരും ഒരോ കപ്പ് വീതം കൈയിലെടുത്ത് ചായ കുടിക്കാൻ തുടങ്ങി. അൽപനേരം അവർ അഞ്ച് പേരെയും നിരീക്ഷിച്ച ശേഷം അദ്ദേഹം ഒന്ന് മുരടനക്കിക്കൊണ്ട് പറഞ്ഞു.

"ഇനി നിങ്ങൾ നേരത്തെ പറഞ്ഞ വിഷയത്തിലേക്ക് വരാം."

അത് കേട്ട് അവർ അഞ്ച് പേരും പ്രതീക്ഷയോടെ ആദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നു.

അദ്ദേഹം പറഞ്ഞു തുടങ്ങി.

"ഞാനിപ്പോൾ നിങ്ങൾക്ക് മുന്നിൽ കൊണ്ടുവന്നു വെച്ച ഈ ട്രേയിൽ 7 കപ്പുകളുണ്ടായിരുന്നു. അതിൽ അഞ്ചെണ്ണം മനോഹരമായ ചിത്രപ്പണികൾ നിറഞ്ഞ വിലകൂടിയ പോർസലീൻ കപ്പുകളായിരുന്നു. ബാക്കി രണ്ടെണ്ണാം സാധാരണ സ്റ്റീൽ ടംബ്ലറുകളായിരുന്നു. പക്ഷെ ഇവയിലെല്ലാറ്റിലും ഉള്ളത് ഒരേ ചായയായിരുന്നു."

കൗതുകത്തോടെ തന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ആ അഞ്ച് പേരോടുമായി അദ്ദേഹം ചോദിച്ചു.

"എന്തു കൊണ്ട് നിങ്ങളാരും സ്റ്റീൽ ടംബ്ലർ എടുത്തില്ല? എന്തു കൊണ്ടാണ് നിങ്ങൾ അഞ്ച് പേരും പോർസലീൻ കപ്പുകൾ മാത്രമെടുത്തത്?"

ആ അഞ്ച് പേരും പെട്ടെന്നൊരുത്തരം പറയാൻ കഴിയാതെ സങ്കോചത്തോടെ പരസ്പരം നോക്കി.

"അതിനുള്ള ഉത്തരം ഞാൻ തന്നെ പറയാം." അദ്ദേഹം തുടർന്നു. "ചായ കുടിക്കുക എന്നതാണ് നമ്മുടെ ആവശ്യം. ഇവിടെ കപ്പുകളിൽ മാത്രമേ വ്യത്യാസമുള്ളൂ. അതിനകത്തുള്ള ചായ ഒന്ന് തന്നെയാണ്. ഇവിടെ നാം ചായക്കാണ് പ്രാധാന്യം നൽകേണ്ടിയിരുന്നത്. പക്ഷെ അറിഞ്ഞോ അറിയാതെയോ നാം പ്രാധാന്യം നൽകിയത് കപ്പുകൾക്കാണ്."

ഒന്ന് നിർത്തി എല്ലാവരെയും ഒരു വട്ടം മാറി മാറി നോക്കിയ ശേഷം അദ്ദേഹം തുടർന്നു.

“നമ്മുടെ ജീവിതം എന്ന് പറയുന്നത് ചായ പോലെയാണ്. നമ്മുടെ തൊഴിലും ബിസിനസ്സും മറ്റുമെല്ലാം ഈ കപ്പുകൾ പോലെയും. ഇവിടെ ചായക്ക് വേണ്ടിയാണ് കപ്പുകൾ, അല്ലാതെ കപ്പുകൾക്ക് വേണ്ടിയല്ല ചായ. നമ്മുടെ ജോലിയും ബിസിനസ്സും വരുമാനവും വസ്ത്രങ്ങളും ആഭരണങ്ങളും സ്വത്തും സമ്പത്തുമെല്ലാം നമ്മുടെ ജീവിതം സന്തോഷകരമാക്കാനുള്ള ചെറിയ ഉപാധികൾ മാത്രമാണ്. അത് തന്നെയാണ് ജീവിതം എന്ന് ചിന്തിച്ച് അവക്ക് പുറകെ പോയാൽ സന്തോഷമുണ്ടാകുകയില്ല. അവക്ക് അവ അർഹിക്കുന്ന പ്രാധാന്യം മാത്രം നൽകി ജീവിതത്തിലെ സുപ്രധാനമായ ഘടകങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക. ഭാര്യയോടും മക്കളോടുമൊപ്പം സമയം ചെലവഴിക്കുക. പ്രായമായ അച്ഛനമ്മമാരോടൊപ്പമിരിക്കാൻ സമയം കണ്ടെത്തുക. കൂട്ടുകാരോടും നാട്ടുകാരൊടും അൽപനേരം സൊറ പറഞ്ഞിരിക്കുക. അവനവന് സന്തോഷം നൽകുന്ന പ്രവൃത്തികളിലേർപ്പെടുക. ചുരുക്കിപ്പറഞ്ഞാൽ മത്സരിക്കാനും പിടിച്ചടക്കാനും മാത്രമല്ല, ജീവിക്കാനും സമയം കണ്ടെത്തുക. ജീവിതത്തിൽ എന്തിനാണോ പ്രാധാന്യം നൽകേണ്ടത് അത് മാത്രം തലയിലേറ്റിവെക്കുക. കപ്പിന് പുറകെ പോയി ചായയെ മറന്നു കളയാതിരിക്കുക. അപ്പോൾ നിങ്ങൾ നേരത്തെ ചോദിച്ച സന്തോഷവും സമാധാനവും നിങ്ങളെത്തേടി വരും.”

ആ അഞ്ച് പേർക്കും അതൊരു വലിയ തിരിച്ചറിവായിരുന്നു. അത്ര നാൾ തങ്ങൾ സഞ്ചരിച്ച വഴികളായിരുന്നില്ല ശരി എന്നവർ തിരിച്ചറിഞ്ഞു. ഗുരുനാഥനോട് നന്ദി പറഞ്ഞ് അവർ അവിടെ നിന്നിറങ്ങി.

നമുക്കും ഇതൊരു പാഠമായിരിക്കട്ടേ.

ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം എന്ന് തിരിച്ചറിയുകയാണ് സന്തോഷത്തിലേക്കുള്ള എളുപ്പ മാർഗ്ഗം. പദവിയും അധികാരവും സമ്പത്തുമെല്ലാം ജീവിതത്തിന്റെ രുചി കൂട്ടാനുള്ള മേമ്പൊടികൾ മാത്രമാണ്. അവ അളവിൽ കൂടുതൽ വാരിയിട്ടാൽ

ജീവിതം ആസ്വദിക്കാൻ കഴിയാതെ വരും. അതിന്റെ രുചിയും ഫലവും നഷ്ടപ്പെടും. അതിനാൽ കപ്പിന്റെ ഭംഗിയും വലിപ്പവും കാര്യമാക്കാതെ ചായ ആസ്വദിച്ച് കുടിക്കൂ.... ജീവിതം ആനന്ദകരമാക്കൂ....




മാതൃശാക്തീകരണം

# മാൻ കുടുക്കി

ലേഖനം

എഴുത്ത്: സജീവ് ഉച്ചക്കാവിൽ

കടപ്പാട്- യുറേക്ക: 2018 June



കൂട്ടുകാരേ, ഞാനൊരു വലിയ സങ്കടം പറയാനാണ് വന്നത്. എന്റെ പേര് 'മാൻ കുടുക്കി'. അതു തന്നെയാണ് എന്റെ സങ്കടം. മനുഷ്യരാണ് എനിക്കീ പേരിട്ടത്. മാനുകൾ ഈ പേരുകേട്ടാൽ എന്തു കരുതും? ഞാൻ അവരെ കുടുക്കാൻ ഇഷ്ടപ്പെടുന്നില്ല. എനിക്കവരെ വലിയ ഇഷ്ടമാണതാനും.

എന്റെ ശാസ്ത്രനാമം മിറിസ്റ്റിക്ക ഫറ്റു (Myristica fatua) എന്നാണ്. നല്ല നിത്യഹരിത വനങ്ങളിലെ, സൂര്യപ്രകാശം അരിച്ചരിച്ച് വീഴുന്ന ശുദ്ധജല ചതുപ്പുകളിലാണ് എന്റെയും കൂട്ടുകാരുടെയും വാസം. വേനലിൽ മാനുകൾ ഉൾപ്പെടെയുള്ള സഹജീവികൾ എന്റെ ചുവട്ടിൽ തണുപ്പുകൊള്ളാനും വെള്ളം കുടിക്കാനും പതുങ്ങിപ്പതുങ്ങി വരാറുണ്ട്. ചതുപ്പിലെ വെള്ളക്കെട്ടുകളിൽ ഓട്ട വെയിൽ വീണ്, തിളങ്ങുന്ന നക്ഷത്രങ്ങൾ ഉണ്ടാകുന്നത് നോക്കി നിൽക്കാറുണ്ട്. ഞങ്ങളുടെ കുടുംബത്തിൽ പെട്ട കുറച്ച് മരങ്ങളാണ് ഇത്തരം ചതുപ്പുകളിൽ വളരുക. അതീവ സവിശേഷതയാർന്ന ആവാസവ്യവസ്ഥയാണ് ഞങ്ങളുടെ ചതുപ്പുകളിൽ നിലനിൽക്കുന്നത്.


ഞങ്ങളുടെ കുടുംബം അതിപുരാതനമായ കുടുംബമാണ് മിറിസ്റ്റിക്കേസിയേ എന്നാണ് കുടുംബപ്പേര്. സുഗന്ധവിളകളിലെ റാണിയായ ജാതി (Myristica fragranse) ഞങ്ങളുടെ കുടുംബക്കാരാണ്. പുഷ്പിക്കുന്ന സസ്യങ്ങളുടെ ഏറ്റവും പ്രാക്തന ഗോത്രത്തിൽ പെട്ട സസ്യങ്ങളാണ് ഞങ്ങൾ. ഞങ്ങളുടെ കുടുംബപ്പേരു ചേർത്ത് ഇത്തരം ചതുപ്പുകൾ മിറിസ്റ്റിക്ക ശുദ്ധജല ചതുപ്പുകൾ എന്നറിയപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം കൊണ്ടും മഴയുടെ അളവു കുറഞ്ഞതുകൊണ്ടും ഞങ്ങൾ വംശനാശ ഭീഷണിയിലാണ്. ഞങ്ങളുടെ കുടുംബം തന്നെ നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ കുളം തോണ്ടാൻ പോവുന്നു.

ഞാൻ ആദ്യം പറഞ്ഞ സങ്കടത്തിലേക്കു വരാം. ഞങ്ങളുടെ ജീവിതം ചതുപ്പു പ്രദേശങ്ങളിലാണെന്ന് പറഞ്ഞല്ലോ. ചതുപ്പിൽ പിടിച്ചു നിൽക്കാൻ ഞങ്ങളുടെ തടികളിൽ നിന്ന് താങ്ങുവേരുകൾ (stilt root) ച തുപ്പിലാഴ്ത്തുന്നു. അവിടെ മണ്ണിൽ ഓക്സിജന്റെ അളവ് വളരെ കുറഞ്ഞിരിക്കും. ജലവും ലവണങ്ങളും വലിച്ചെടുക്കുന്നതിന് വേരുകൾക്ക് ഓക്സിജൻ അത്യാവശ്യമാണല്ലോ. അതുകൊണ്ട് അന്തരീക്ഷത്തിൽ നിന്ന് ജീവവായു വലിച്ചെടുക്കാൻ വേണ്ടി ഞങ്ങൾ വേരുകൾ മണ്ണിനു മുകളിൽ കുരുക്കുകൾ പോലെ വളച്ച് ഉയർത്തിവക്കുന്നു. ഇവ ഞങ്ങളുടെ ശ്വസന വേരുകളാണ്. സൂക്ഷിച്ചു നോക്കിയാൽ അവയിൽ ശ്വസനരന്ധ്രങ്ങൾ (pnumatophore) നിങ്ങൾക്കു കാണാം. മണ്ണിനു മുകളിൽ വിന്യസിച്ച ഇത്തരം മുട്ടുവേരുകളിൽ (Knee roots), വേട്ടയാടപ്പെടുമ്പോൾ പേടിച്ചോടിയെത്തുന്ന മാനുകൾ കുളമ്പുകുടുങ്ങി വീഴുന്നു. അങ്ങിനെയാണ് ഞങ്ങൾക്ക് 'മാൻ കുടുക്കി' എന്ന പേര് വീണത്. ഞങ്ങൾക്കും ഇത് കാണുമ്പോൾ സങ്കടമാണ്. രാത്രിയിൽ വെള്ളം കുടിക്കാൻ വരുന്ന സഹജീവി ഞങ്ങളുടെ വേരുകളിൽ കുടുങ്ങി വീഴുന്നത് എത്ര സങ്കടകരമാണ്.

പശ്ചിമഘട്ടത്തിൽ വളരെ കുറച്ചു ഭാഗങ്ങളിലേ ഞങ്ങളിപ്പൊ നിലവിലുള്ളൂ. കോഴിക്കോടു ജില്ലയിൽ കക്കയം വനമേഖലയിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, അഞ്ചൽ, ശെന്തുരുണി വനമേഖലയിലും ഞങ്ങളെ കാണാം. മനുഷ്യരുടെ ചെയ്തികൾ ഞങ്ങളെ ഭൂമുഖത്തു നിന്നും തുടച്ചു നീക്കിക്കൊണ്ടിരിക്കയാണ്. അതിനു പുറമെ ഇത്തരം പേരുകൾ കൊണ്ടും അങ്ങൾ അപമാനിക്കപ്പെടുന്നു. കൂട്ടുകാരെ നിങ്ങൾ വലിയവരാവുമ്പോൾ ഞങ്ങൾക്ക് കുറച്ചു കൂടി നല്ല പേര് നൽകണെ. അപ്പോഴേക്കും ഞങ്ങൾ നാമാവശേഷമായില്ലെങ്കിൽ ...



# ഒന്നു ചിന്തിക്കൂ...



എം. എൻ. കാരശ്ശേരി

-മേലനങ്ങി പണി ചെയ്യുന്ന എല്ലാവരേയും നികൃഷ്ടജാതിയാക്കിയ ഒരു സംസ്കാരത്തെ കാൽച്ചുവട്ടിലാക്കാൻ ഇംഗ്ലീഷുകാരന് അധികം ബുദ്ധിയും തന്ത്രവും ഒന്നും പ്രയോഗിക്കേണ്ടിയും വന്നില്ല.

-ശാരീരിക അധ്വാനത്തെ അവമതിച്ചു എന്നതാണ് ആർഷഭാരതസംസ്കാരം തലമുറകളോട് ചെയ്ത ഏറ്റവും വലിയ ക്രൂരകൃത്യം.

-അതിവിദഗ്ധമായ കൈവിരുതും കലാവിരുതും സമ്മേളിപ്പിച്ച് സുന്ദരമായ മൺകുടങ്ങളും കലങ്ങളും നിർമ്മിച്ചവൻ വെറും കൊശവൻ.

-മഹാക്ഷേത്രങ്ങളും കൊട്ടാരങ്ങളും തീർത്ത് അതിശയിപ്പിച്ച തച്ചൻ ജാതിയിൽ നീചൻ.

-വെട്ടിത്തിളങ്ങുന്ന സ്വർണ്ണാഭരണങ്ങൾ മെനഞ്ഞ തട്ടാൻ പിന്നോക്കം

-ഇരുമ്പുപണിക്കാരൻ ജാതിയിൽ വെറും തുരുമ്പ്.

-കോടിയ ചുളുങ്ങിയ നമ്മുടെ മുഖങ്ങളെ മിനുക്കി പഞ്ചാരകുട്ടപ്പന്മാരാക്കുന്ന ബാർബർ മ്ളേച്ഛൻ മലയാളസിനിമയിലെ സ്ഥിരം പരിഹാസപാത്രം.

-മണ്ണിൽ പണിയെടുത്ത് നൂറുമേനി കാർഷികവിപ്ളവം നടത്തിയ പുലയൻ ദൃഷ്ടിയിൽ പെട്ടാൽ ദോഷമുള്ളവൻ.

-ഒന്നാന്തരം വട്ടിയും കുട്ടയും നെയ്ത് നാട്ടുകാരുടെ ജീവിതം സുഖപ്രദമാക്കിയ പറയൻ അധ:കൃതരിൽ അധ:കൃതൻ.

-അധ്വാനിച്ച എല്ലാ മനുഷ്യരേയും ഹീനജാതിയാക്കി മാറ്റിയ ഭാരതീയസംസ്കാരത്തെ എന്തുജോലിയും ചെയ്യാൻ മടിയില്ലാത്ത സായിപ്പ് വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ കോളനിയാക്കി.

-ഇന്ത്യ ഇന്നും പിന്നോക്കാവസ്ഥയിൽ തുടരാനുള്ള ഒരു കാരണം വിയർപ്പൊഴുക്കി ജോലി ചെയ്യുന്നവരോടുള്ള പരിഹാസവും പുച്ഛവും വെറുപ്പുമാണ്.

-കല്പണിക്കാരനും കവിക്കും ഒരേ പരിഗണന കിട്ടാത്ത ഒരു സംസ്കാരത്തേയും ശ്രേഷ്ഠമെന്ന് വിളിക്കാനാവില്ലെന്ന് ബുക്കർ ടി വാഷിംഗ്ടൺ പറഞ്ഞത് ഒരു പക്ഷെ ഇന്ത്യയെ നിരീക്ഷിച്ചിട്ടായിരിക്കണം.



ജിബിൻ തോമസ്



ജെറിൻ ജോസ്




വെയിലെന്നെയൊരു തുള്ളി

നീരെന്ന പോലെ

വറ്റിച്ചുപൊത്തുന്ന

നീരാവിയാക്കി.

കാറ്റെന്റെ പൊള്ളുന്ന

കണ്ണിലേയ്ക്കൂതി -

കുളിരുള്ള നീർകണ

മായെന്നെ മാറ്റി.

ഒരു കുഞ്ഞു പൂവിന്റെ

കവിളത്തു വെച്ചി-

ട്ടുരുമയായ് നോക്കി

പ്പറന്നങ്ങു പോയി!

കടപ്പാട്: യുറേക്ക 2018 June 1st

# മനുഷ്യർ എന്തുകൊണ്ട് ജീവിക്കുന്നു?






അഭിജിത്ത് വി. ആർ



സോന സണ്ണി



ഹയ ജാസ്മിൻ

മനുഷ്യർ എന്തുകൊണ്ട് ജീവിക്കുന്നു എന്ന പേരിൽ ടോൾസ്റ്റോയ് എഴുതിയ അതിമനോഹരമായ കഥയുണ്ട്. റഷ്യയിലെ ഒരു ഗ്രാമത്തിലുള്ള ചെരുപ്പുകുത്തിയുടെയും കുടുംബത്തിന്റെയും ആ കുടുംബത്തിലേക്ക് അവിചാരിതമായി വന്നെത്തുന്ന ഒരു അപരിചിതന്റെയും കഥ. ശൈത്യകാലത്ത് തണുപ്പിൽ നിന്നും രക്ഷപ്പെടാൻ ഒരു പുതപ്പ് വാങ്ങാനായി കുറെ നാളായി സ്വരുപിച്ച കാശുമായി ചെരുപ്പുകുത്തി പുതപ്പ് വിൽപനക്കാരന്റെ അടുത്തേക്ക് പോവുന്നു. പക്ഷേ, കാശ് തികയാത്തതിനാൽ അയാൾ ചെരുപ്പുകുത്തിക്ക് പുതപ്പ് നൽകാൻ തയ്യാറല്ല. ആ നിരാശയിൽ ചെരുപ്പുകുത്തി വരുന്ന വഴിക്ക് കള്ള് ഷാപ്പിൽ കയറി മദ്യപിക്കുന്നു. വോഡ്ക പകർന്നു നൽകിയ ചൂടിൽ വീട്ടിലേക്ക് തിരിച്ചു നടക്കുമ്പോൾ വഴിയിലുള്ള ഒരു കപ്പേളയുടെ മുന്നിൽ ചെരുപ്പുകുത്തി ആ വിചിത്ര ദൃശ്യം കാണുന്നു.

ഒരു ചെറുപ്പക്കാരൻ പൂർണ്ണ നഗ്നനായി കപ്പേളയ്ക്ക് മുന്നിൽ കിടക്കുന്നു. പേടി മൂലം ചെരുപ്പുകുത്തി ആ ചെറുപ്പക്കാരന്റെ അടുത്തേക്ക് പോയില്ല. അയാൾ വീട്ടിലേക്ക് തിടുക്കത്തിൽ നടന്നു. പക്ഷേ, അപ്പോൾ പൊടുന്നനെ അയാളിൽ ഒരു ചോദ്യമുയർന്നു. ആ ചെറുപ്പക്കാരൻ എങ്ങിനെയാണ് നഗ്നനായത്. അയാൾ ചിലപ്പോൾ വിശപ്പ് മൂലം മരിച്ചു പോയേക്കാം. ദരിദ്രനായ തന്നെ ആ ചെറുപ്പക്കാരൻ എന്തായാലും കൊള്ളയടിക്കാനൊന്നും പോകുന്നില്ല. ചെരുപ്പുകുത്തി തിരിച്ചു നടന്നു. ആ ചെറുപ്പക്കാരന് തന്റെ കോട്ടൂരിക്കൊടുത്തു. എന്നിട്ട് അയാളെയും കൂട്ടി വീട്ടിലേക്ക് നടന്നു.
ഭർത്താവ് പുതപ്പുമായി വരുന്നതും കാത്തിരുന്ന ചെരുപ്പുകുത്തിയുടെ ഭാര്യ കണ്ടത് ഭർത്താവ് വേറൊരു ദാരിദ്ര്യവാസിയെയും കൂട്ടി വരുന്നതാണ്. കൈയ്യിലുണ്ടായ കാശിന് കള്ളും കുടിച്ച് ഒരു അലവലാതിയെയും കൂട്ടി വരുന്ന ഭർത്താവിനോട് അവർക്ക് വല്ലാത്ത വെറുപ്പ് തോന്നി.

വീട്ടിൽ ആകെയുള്ള ഒരു കഷ്ണം അപ്പം അവരെടുത്ത് മാറ്റിവെച്ചു. അടുത്ത രണ്ടു ദിവസമെങ്കിലും കുടുംബത്തിന് വിശപ്പടക്കാനുള്ള അപ്പമാണിത്. വഴിയിൽ കിടക്കുന്ന തെണ്ടികളെയൊക്കെ വീട്ടിൽ കൊണ്ടുവന്നാൽ അവർക്കൊന്നും വെച്ച് വിളമ്പിക്കൊടുക്കാൻ ഇവിടെയൊന്നുമില്ലെന്ന് പറഞ്ഞ് അവർ ഭർത്താവിനോട് ചൂടായി. ചെരുപ്പുകുത്തി ഒന്നും മിണ്ടിയില്ല. കൂടെ വന്ന ചെറുപ്പക്കാരനും ഒന്നും പറഞ്ഞില്ല. പക്ഷേ, അപ്പോൾ ചെരുപ്പുകുത്തിയുടെ ഭാര്യയുടെ ഉള്ളിൽ ആ ചെറുപ്പക്കാരനോട് ദയ തോന്നി. ചിലപ്പോൾ അയാൾ നല്ലവനായിരിക്കും. ദിവസങ്ങളോളം അയാൾ ഒന്നും കഴിച്ചിട്ടുണ്ടാവില്ല. അവർ പെട്ടെന്ന് കുറച്ച് സൂപ്പുണ്ടാക്കി. അപ്പക്കഷ്ണവും സൂപ്പും അവർ വിളമ്പവെ ആ ചെറുപ്പക്കാരൻ അവരുടെ നേർക്ക് നോക്കി പുഞ്ചിരിച്ചു. ചെറുപ്പക്കാരൻ ചെരുപ്പുകുത്തിയുടെ വീട്ടിൽ തന്നെ താമസം തുടർന്നു. ചെരുപ്പുകുത്തുന്ന പണി അയാൾ വേഗം പഠിച്ചു. അയാൾ തീർക്കുന്ന ചെരുപ്പുകളുടെ ഖ്യാതി ഗ്രാമത്തിനപ്പുറത്തേക്കും പരന്നു. ചെറുപ്പക്കാരൻ പക്ഷേ, വളരെക്കുറച്ചേ സംസാരിക്കുകയുള്ളൂ. ഏൽപിക്കുന്ന പണി ചെയ്യും . വീട്ടിനുള്ളിൽ നിന്ന് പുറത്തിറങ്ങുന്നത് അപൂർവ്വം. അങ്ങിനെയിരിക്കെ ഒരു ദിവസം പുറത്ത് കുതിരകൾ വന്നു നിൽക്കുന്ന ശബ്ദം കേട്ട് ചെരുപ്പ്കുത്തി പുറത്തിറങ്ങി. കുതിര വണ്ടിയിൽ നിന്ന് പ്രഭുവിനെപ്പോലെ തോന്നിക്കുന്ന ഒരാൾ പുറത്തിറങ്ങി. അയാളുടെ പിന്നാലെ ഒരു പൊതിയുമായി ഭൃത്യനും. ഭൃത്യൻ പൊതിയഴിച്ച് ചെരുപ്പ്കുത്തിക്ക് മുന്നിൽ വെച്ചു. " 20 റൂബിൾ വിലയുള്ള തുകലാണിത്. ജർമ്മനിയിൽ നിന്നും കൊണ്ടുവന്നത്. ഇതുകൊണ്ട് എന്റെ കാലുകൾക്ക് പറ്റിയ മനോഹരമായ ബൂട്ടുകൾ പണിയണം. എന്തെങ്കിലും പാകപ്പിഴയുണ്ടായാൽ നിന്റെ ശിഷ്ടജീവിതം ജയിലിലായിരിക്കും. " പ്രഭു അട്ടഹസിച്ചു. ചെരുപ്പുകുത്തി പേടിച്ച് വിറച്ച് ചെറുപ്പക്കാരനെ വിളിച്ചു. ചെറുപ്പക്കാരൻ പ്രഭുവിന് മുന്നിൽ വന്ന് നിന്ന് കാലിന്റെ അളവെടുക്കാൻ തുടങ്ങി. അപ്പോൾ അയാൾ പ്രഭുവിന്റെ പിന്നിലേക്ക് നോക്കി. അവിടെ നിൽക്കുന്ന വേറെ ആരെയോ അയാൾ സസൂക്ഷ്മം നോക്കുന്നതുപോലെയാണ് ചെരുപ്പുകുത്തിക്ക് തോന്നിയത്. പൊടുന്നനെ ചെറുപ്പക്കാരൻ പ്രഭുവിന്റെ മുഖത്തുനോക്കി ചിരിച്ചു. " ബൂട്ടുകൾ നന്നായില്ലെങ്കിൽ നിന്റെ ഈ ചിരി പിന്നെയുണ്ടാവില്ല. " പ്രഭു ഒന്നുകൂടി അട്ടഹസിച്ചിട്ട് കുതിരവണ്ടിയിൽ കയറിപ്പോയി. വിശേഷപ്പെട്ട തുകൽ ചെറുപ്പക്കാരൻ എന്താണ് ചെയ്യുന്നതെന്ന് നോക്കിയ ചെരുപ്പുകുത്തി ഞെട്ടിപ്പോയി. ബൂട്ടുണ്ടാക്കുന്നതിനു പകരം സാധാരണ ചെരുപ്പുകളാണ് ചെറുപ്പക്കാരൻ ഉണ്ടാക്കിയിരിക്കുന്നത്. പ്രഭു ബൂട്ടു വാങ്ങാൻ വരുന്നതോടെ തന്റെ കഥ കഴിഞ്ഞെന്ന് ചെരുപ്പുകുത്തി തീർച്ചയാക്കി. നീ എന്തുപണിയാണീ ചെയ്തതെന്ന് ചെരുപ്പുകുത്തി ചോദിച്ചപ്പോൾ ചെറുപ്പക്കാരൻ ഒന്നും മിണ്ടിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ വാതിൽക്കൽ ആരോ മുട്ടുന്നതുപോലെ തോന്നി. ചെരുപ്പുകുത്തി വാതിൽ തുറന്നു. മുന്നിൽ പ്രഭുവിന്റെ ഭൃത്യൻ. " യജമാനത്തി പറഞ്ഞതനുസരിച്ചാണ് ഞാൻ വന്നിരിക്കുന്നത്. പ്രഭുവിന് ബൂട്ടുകൾ ആവശ്യമില്ല. ഇവിടെ നിന്നും പോകുന്ന വഴി അദ്ദേഹം മരിച്ചുപോയി. ഇനിയിപ്പോൾ മരിച്ചവർ ധരിക്കുന്ന സാധാരണ ചെരുപ്പ് മാത്രം മതി. " ചെരുപ്പുകുത്തി ചെറുപ്പക്കാരനെ

അതിശയത്തോടെ നോക്കി. അയാൾ ആ ചെരുപ്പുകൾ പൊതിഞ്ഞെടുത്ത് ഭൃത്യന് കൈമാറി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു സ്ത്രീയും രണ്ട് പെൺകുട്ടികളും ചെരുപ്പുകുത്തിയെത്തേടി വന്നു. ഇരട്ടക്കുട്ടികൾ. ഒരു പെൺകുട്ടിയുടെ കാലിന് ചെറിയ മുടന്തുണ്ട്. മകളുടെ കാലിനെന്തുപറ്റിയെന്ന് ചെരുപ്പുകുത്തി സ്ത്രീയോട് ചോദിച്ചു. " എന്റെ മക്കളല്ല ഇവർ. പക്ഷേ, ഇവരെ ഞാനാണ് വളർത്തുന്നത്. ഇവർ എനിക്ക് മക്കളെപ്പോലെ തന്നെയാണ്. " സ്ത്രീ പറഞ്ഞു. അപ്പോൾ ചെറുപ്പക്കാരൻ അത്യധികം ശ്രദ്ധയോടെ ആ കുട്ടികളെ നോക്കി. ചെരുപ്പുകുത്തി നോക്കുമ്പോൾ ചെറുപ്പക്കാരൻ പുഞ്ചിരിക്കുന്നു. തന്റെ വീടിനടുത്തുള്ള ഒരു കുടുംബത്തിലേതാണ് ഈ കുട്ടികളെന്നും കുട്ടികളുടെ അമ്മയും പിതാവും മരിച്ചതുകാരണം താനാണ് ഈ കുട്ടികളെ വളർത്തുന്നതെന്നും സ്ത്രീ പറഞ്ഞു. ചെറുപ്പക്കാരൻ കുട്ടികളുടെ കാലിന്റെ അളവെടുത്തു. കുട്ടികളും സ്ത്രീയും തിരിച്ചുപോയി. അടുത്ത ദിവസം ചെറുപ്പക്കാരൻ ചെരുപ്പുകുത്തിയുടെ അടുത്തുവന്നിട്ട് പറഞ്ഞു. " ദൈവം എന്നോട് ക്ഷമിച്ചിരിക്കുന്നു. ഞാൻ തിരിച്ചുപോവുകയാണ്. "

ചെരുപ്പുകുത്തി ചെറുപ്പക്കാരനോട് പറഞ്ഞു. " നിങ്ങൾ സാധാരണക്കാരനല്ലെന്ന് എനിക്കറിയാം. നിങ്ങളെ ഇവിടെ പിടിച്ചുനിർത്താനാവില്ലെന്നും എനിക്കറിയാം. പക്ഷേ, ഒരു ചോദ്യത്തിന് നിങ്ങൾ മറുപടി പറഞ്ഞാൽ ഉപകാരമാവുമായിരുന്നു. ഇവിടെ വന്ന ശേഷം മൂന്നേ മൂന്നു തവണയേ നിങ്ങൾ ചിരിച്ചിട്ടുള്ളൂ. ഭക്ഷണം വിളമ്പിതന്നപ്പോൾ എന്റെ ഭാര്യയുടെ നേർക്ക് നോക്കി നിങ്ങൾ ആദ്യം ചിരിച്ചു. രണ്ടാമത് നിങ്ങൾ ചിരിച്ചത് ആ പ്രഭു വന്നപ്പോഴാണ്. ആ സ്ത്രീയും കുട്ടികളും വന്നപ്പോൾ നിങ്ങൾ മൂന്നാം വട്ടം ചിരിച്ചു. എന്തുകൊണ്ടാണ് നിങ്ങൾ ചിരിച്ചത്. "


" നിങ്ങൾ പറഞ്ഞത് ശരിയാണ്. ഞാൻ സാധാരണക്കാരനല്ല. " ചെറുപ്പക്കാരൻ പറഞ്ഞു" ഞാൻ ഒരു മാലാഖയാണ്. ഒരു ദിവസം ദൈവം എന്നോട് ഭൂമിയിൽ പോയി ഒരു സ്ത്രീയുടെ ആത്മാവ് കൊണ്ടുവരാൻ പറഞ്ഞു. ഞാൻ സ്ത്രീയുടെ വീട്ടിലെത്തിയപ്പോൾ കണ്ട കാഴ്ച ദയനീയമായിരുന്നു. അവർ പ്രസവിച്ചിട്ട് അധികം സമയമായിട്ടുണ്ടായിരുന്നില്ല. രണ്ട് പെൺകുഞ്ഞുങ്ങൾ. എന്നെക്കണ്ടപ്പോൾ അവർക്ക് കാര്യം പിടികിട്ടി. തന്റെ ജീവനെടുക്കരുതെന്നും രണ്ടു ദിവസം മുമ്പാണ് തന്റെ ഭർത്താവ് മരിച്ചതെന്നും ഇപ്പോൾ താൻ കൂടി മരിച്ചാൽ ഈ കുട്ടികൾക്ക് വേറെയാരുമുണ്ടാവില്ലെന്നും പറഞ്ഞ് അവർ കരഞ്ഞു. അവരുടെ കരച്ചിൽ കേട്ട് ഞാൻ തിരിച്ചുപോയി. സ്ത്രീയുടെ ജീവൻ എടുക്കാതെ വന്നതിന് ദൈവം എന്നെ ശാസിച്ചു. തിരിച്ചുപോയി അവരുടെ ജീവൻ എടുത്തിട്ട് വരാൻ ദൈവം പറഞ്ഞു. എന്നിട്ട് ദൈവം ഒരു കാര്യം കൂടി പറഞ്ഞു. മനുഷ്യർ ജീവിക്കുന്നത് എന്തുകൊണ്ടാണെന്ന് നീ മനസ്സിലാക്കണം. അതിന് നീ കുറച്ചു നാൾ ഭൂമിയിൽ താമസിക്കണം. ഞാൻ ഭൂമിയിലേക്ക് പോയി ആ സ്ത്രീയുടെ ജീവനെടുത്തു. പക്ഷേ, അവരുടെ ജീവനുമായി തിരിച്ച് പറക്കുമ്പോൾ എന്റെ കൈയ്യിൽ നിന്നും അവരുടെ ആത്മാവ് തനിയെ മുകളിലേക്ക് പോയി . ആരോ തള്ളിയിട്ടതുപോലെ ഞാൻ നിങ്ങളുടെ വീടിനടുത്തുള്ള കപ്പേളയുടെ മുന്നിൽ വന്നുവീഴുകയും ചെയ്തു.

അവിടെ ഞാൻ കിടക്കുമ്പോൾ നിങ്ങൾ ദയ തോന്നി എന്നെ വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിൽ നിങ്ങളുടെ ഭാര്യ ആദ്യം വഴക്കു പറഞ്ഞെങ്കിലും ദയ തോന്നി ഭക്ഷണം തന്നു. മനുഷ്യർ ജിവിക്കുന്നതിന്റെ ഒരു കാരണം ദയ ആണെന്ന് ദൈവം എന്നെ പഠിപ്പിക്കുകയായിരുന്നു. ആ തിരിച്ചറിവിലാണ് ഞാൻ നിങ്ങളുടെ ഭാര്യയുടെ മുഖത്തു നോക്കി ചിരിച്ചത്. പിന്നെ ഞാൻ ചിരിച്ചത് പ്രഭു വന്നപ്പോഴാണ്. പ്രഭു നിങ്ങളോട് അട്ടഹസിക്കുമ്പോൾ ഞാൻ ശ്രദ്ധിച്ചത് അയാളുടെ പിന്നിലുണ്ടായിരുന്ന മരണത്തിന്റെ മാലാഖയെയാണ്. പ്രഭു മരിക്കാൻ പോവുകയാണെന്ന് എനിക്ക് മനസ്സിലായി. അയാൾക്ക് ശരിക്കും വേണ്ടി വരിക ബൂട്ടുകളെല്ലന്നും മരിക്കുന്നവർ ഇടുന്ന ചെരുപ്പുകളാണെന്നും എനിക്ക് പിടി കിട്ടി. പക്ഷേ, അപ്പോഴും പ്രഭു ബൂട്ടുകളെക്കുറിച്ച് ഒച്ചവെക്കുകയായിരുന്നു. മനുഷ്യർക്ക് അവർക്ക് യഥാർത്ഥത്തിൽ വേണ്ടതെന്താണെന്ന് അറിയില്ലെന്നും ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ് പലപ്പോഴും അവർ ബഹളം വെയ്ക്കുന്നതെന്നും എനിക്ക് മനസ്സിലായി. മൂന്നാമത് ഞാൻ ചിരിച്ചത് ആ പെൺകുട്ടികളെ കണ്ടപ്പോഴാണ്. ഇവരുടെ അമ്മയുടെ ജീവനാണ് ഞാൻ എടുത്തത്. ആ സ്ത്രീ മരിച്ചെങ്കിലും അവരുടെ കുഞ്ഞുങ്ങളെ തൊട്ടടുത്തുള്ള വീട്ടിലെ സ്ത്രീ എടുത്തു വളർത്തി. അവർക്ക് ഈ കുഞ്ഞുങ്ങളോട് കരുണയും സ്നേഹവുമുണ്ടായിരുന്നതുകൊണ്ടാണ് ഈ കുഞ്ഞുങ്ങൾ മരിക്കാതിരുന്നത്. ഒരാൾ മരിക്കുന്നത് കൊണ്ട് ലോകം അവസാനിക്കുന്നില്ലെന്നും ഈ ലോകത്ത് സ്നേഹമുള്ളിടത്തോളം കാലം മനുഷ്യർ ജിവിക്കുമെന്നുമാണ് ദൈവം എന്നെ പഠിപ്പിച്ചത്. സ്നേഹമാണ് ആത്യന്തികമായി ഭൂമിയിൽ മനുഷ്യ ജീവിതം സാദ്ധ്യമാക്കുന്നത്. ഇതും പറഞ്ഞ് ആ ചെറുപ്പക്കാരൻ മാലാഖയുടെ രൂപം പൂണ്ട് സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോയി.

ജീവിതത്തിന്റെ പൊരുളിനെക്കുറിച്ച് ഇത്രയും മനോഹരമായും ഹൃദയാവർജ്ജകമായും അധികം പേർ എഴുതിയിട്ടുണ്ടെന്ന് തോന്നുന്നില്ല.

അനുതാപത്തെക്കുറിച്ചും കാരുണ്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമാണ് ടോൾസ്റ്റോയ് എഴുതിയത്( കഥയുടെ സൗന്ദര്യം അറിയണമെങ്കിൽ കഥ പൂർണ്ണമായും വായിക്കണം. കഥയുടെ ചുരുക്കം മാത്രമാണിവിടെ കൊടുത്തിരിക്കുന്നത്) . ശബ്ദമില്ലാത്തവരുടെ ശബ്ദവും കാഴ്ചയില്ലാത്തവരുടെ കാഴ്ചയുമാവണം നാമോരുത്തരും. ഈ അനുതാപവും കാരുണ്യവും സ്നേഹവും വാക്കുകളിലും പ്രവൃത്തികളിലും നിറയട്ടെ..

ടോൾസ്റ്റോയ് പറഞ്ഞതുപോലെ ഈ ഭൂമിയിൽ നമ്മൾ ജീവിക്കുന്നത് കാരുണ്യവും സ്നേഹവും ഇനിയും ഇവിടെ ഉറവ വറ്റിയിട്ടില്ല എന്നതുകൊണ്ടുതന്നെയാണ്.




ടോൾസ്റ്റോയ്

"If, then, I were asked for the most important advice I could give, that which I considered to be the most useful to the men of our century, I should simply say: in the name of God, stop a moment, cease your work, look around you."

— Leo Tolstoy




**മണ്ണെണ്ണക്കുഴമ്പ്**

നീരൂറ്റിക്കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കാൻ ഏറെ ഫലപ്രദമാണ് മണ്ണെണ്ണക്കുഴമ്പ്. ബാർസോപ്പും മണ്ണെണ്ണയുമാണ് ഇതിലെ പ്രധാന ചേരുവകൾ 500 ഗ്രാം സാധാരണ ബാർസോപ്പ് ചെറുതായി അരിഞ്ഞ് നാലര ലിറ്റർ വെള്ളത്തിൽ ചെറുതായി ചൂടാക്കിക്കൊണ്ട് ലയിപ്പിക്കുക. ലായനി തണുത്തു കഴിയുമ്പോൾ ഇതിലേയ്ക്ക് 9 ലിറ്റർ മണ്ണെണ്ണ നന്നായി ഇളക്കിക്കൊണ്ട് ചേർക്കുക. ഇതിൽ 15-20 ഇരട്ടി വെള്ളം ചേർത്തിളക്കിയ ശേഷം ചെടികളിൽ തളിക്കാം.

**പുകയിലക്കഷായം**

അര കിലോഗ്രാം പുകയിലയോ, പുകയില ഞെട്ടോ ചെറുതായി അരിഞ്ഞ് നാലര ലിറ്റർ വെള്ളത്തിൽ ഒരു ദിവസം മുക്കിവയ്ക്കുക. പിന്നീട് പിഴിഞ്ഞെടുത്ത് ചണ്ടിമാറ്റുക. ഇപ്രകാരം ലഭിച്ച പുകയിലച്ചാറിൽ, 120 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് വെള്ളത്തിൽ ലയിപ്പിച്ചെടുത്ത ലായനി ചേർത്ത് നന്നായി ഇളക്കുക. ഈ പുകയില കഷായം 67 ഇരട്ടി വെള്ളം ചേർത്ത് തളിച്ചാൽ പേനുകളെയും മറ്റു മൃദുല ശരീരികളായ കീടങ്ങളെയും നിയന്ത്രിക്കാം.

**വേപ്പിൻകുരുസത്ത്**

തണ്ട് തുരപ്പൻ പുഴുക്കൾ, ഇലതീനിപ്പുഴുക്കൾ എന്നിവയെ അകറ്റി നിർത്താൻ ഫലപ്രദമാണ് വേപ്പിൻകുരു സത്ത്. 50 ഗ്രം വേപ്പിൻ കുരു പൊടിച്ച് കിഴി ഒരു ലിറ്റർ വെള്ളത്തിൽ 12 മണിക്കൂർ മുക്കി വയ്ക്കുക. ഇത് നീരൂറ്റിയാൽ 5 ശതമാനം വീര്യമുള്ള സത്ത് ലഭിക്കും.

**പാൽക്കായഗോമൂത്രകാന്താരിമുളക് മിശ്രിതം**

കായീച്ചകളെ ഈ കീടനാശിനി ഉപയോഗിച്ച് ഫലപ്രദമായി നിയന്ത്രിക്കാം. 20 ഗ്രാം പാൽക്കായം 5 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ലായിനി തയ്യാറാക്കുക. ഇതിൽ 500

മില്ലിലിറ്റർ ഗോമൂത്രം ഒഴിച്ചിളക്കുക. അതിലേക്ക് 15 ഗ്രാം കാന്താരിമുളക് അരച്ച് ചേർക്കുക ഈ മിശ്രിതം അരിച്ചെടുത്തു ഉപയോഗിക്കാം.

പെരുവലസത്ത്

പച്ചക്കറികളിൽ കാണുന്ന ശൽക്കകീടങ്ങൾ, ഇലച്ചെടികൾ, പുഴുക്കൾ എന്നിവയ്ക്ക് എതിരെ ഈ മിശ്രിതം പ്രയോഗിക്കാം. പെരുവലം ചെടിയുടെ പൂവും ഇലയും നന്നായി അരച്ച് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി അരിച്ചെടുത്ത് കീടനിയന്ത്രണത്തിനായി ഉപയോഗിക്കാം.

ഇഞ്ചിസത്ത്

തുള്ളൻ, ഇലച്ചാടികൾ, പേനുകൾ എന്നിവയെ നിയന്ത്രിക്കാൻ ഉപയോഗിക്കാം.

ഇഞ്ചി 50 ഗ്രാം അരച്ച് പേസ്റ്റ് രൂപത്തിലാക്കുക. ഇത് 2 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അരിച്ചെടുക്കുക. ശേഷം മിശ്രിതം നേരിട്ട് ചെടികളിൽ തളിക്കാം.

പപ്പായഇലസത്ത്

ഇലതീനി പുഴുക്കളെ അകറ്റാൻ പപ്പായ ഇല സത്ത് ഉപയോഗിക്കാം.

100 മി.ലിറ്റർ വെള്ളത്തിൽ 50 ഗ്രാം മുറുക്കിയ പപ്പായ ഇല മുക്കി ഒരു രാത്രി കുതിർത്തു വയ്ക്കുക. ഇല അടുത്ത ദിവസം അരച്ച് സത്ത് തയ്യാറാക്കുക. മേൽ തയ്യാറാക്കിയ സത്ത് 3-4 ഇരട്ടി വെള്ളം ചേർത്ത് തളിക്കുക.

മഞ്ഞൾസത്ത്


പേനുകൾ, പുഴുക്കൾ എന്നിവയെ നിയന്ത്രിക്കാൻ ഈ കീടനാശിനി ഉപയോഗിക്കാം.

20 ഗ്രാം മഞ്ഞൾ നന്നായി അരച്ചെടുത്ത് 200 മി.ലിറ്റർ ഗോമൂത്രവുമായി കലർത്തി മിശ്രിതം തയ്യാറാക്കുക. മിശ്രിതം 2 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കാം.





ഫർഹാന ഫാത്തിമ



മെഹറിൻ സലിം



നവ്യ ജോയിസ്



# വീട്ടിൽ തയ്യാറാക്കാം അടിപൊളി ജൈവവളം

ആതിര അനിൽ

പച്ചക്കറികളുടെ അവശിഷ്ടങ്ങളും, ബാക്കിയുള്ള ആഹാരവും ഇനി വലിച്ചെറിയേണ്ട ! അവ നമുക്ക് അടുക്കള തോട്ടത്തിലെക്കു നല്ല ജൈവ വളമാക്കാം.



ഇങ്ങനെ ഒരു കമ്പോസ്റ്റ് തയാറാക്കാൻ ഏറ്റവും അത്യാവശ്യമായി വേണ്ടത് ഒരു കണ്ടയിനർ ആണ് .നമുക്കിപ്പോ കളയാനായി വച്ചിരിക്കുന്ന പെയിന്റ് ബക്കറ്റുകൾ പഴയ വലിപ്പമുള്ള ടിന്നുകൾ എന്നിവയൊക്കെ ഇതിനായി ഉപയോഗിക്കാം.

ഏറ്റവും ആദ്യം ചെയേണ്ടത് ബക്കറ്റിൽ ഉള്ളിൽ നല്ല എയർ പസ്സെജ്ജുണ്ടക്ക്കുക എന്നത് ആണ് അതിനായി കണ്ടയിനറിന് ചുറ്റിലും കുറെ ദ്വാരങ്ങൾ ഉണ്ടാക്കുക .അതുപോലെ തന്നെ കണ്ടയിനറിന് അടി ഭാഗത്തും ദ്വാരങ്ങൾ ഇടണം .അടിഭാഗത്ത് ദ്വാരങ്ങൾ ഇടുന്നത് കംബോസ്റ്റിന് ഉള്ളിലുള്ള ആവശ്യമില്ലാത്ത ജലാംശവും മറ്റും പുറത്തേക്കു പോകുന്നതിനു സഹായിക്കും.

അതുപോലെ ഒരു മൂടിയും വേണം , അതിൽ ഹോൾസ് ഇട്ടാൽ വളരെ നല്ലത്.

ബക്കറ്റ് റെഡിയായി കഴിഞ്ഞാൽ പിന്നെ നമ്മുക്ക് വേണ്ടത്. അടുക്കളയിലെ എല്ലാത്തരം പച്ചക്കറി,പഴവർഗ്ഗം, തേയിലചണ്ടി,കാപ്പിയുടെ മട്ട് ഇവയെല്ലാം ചേർക്കാം.

അതുപോലെ തൈര് ബാക്കി വന്ന തൈര് ഇവയൊക്കെ ഉപയേഗിക്കാം

അതുപോലെ തന്നെ കാത്സ്യം ആവിഷത്തിന്ന് ലഭിക്കാനായി മുട്ടത്തോടും. പച്ചക്കറി വെസ്റ്റും പച്ചിലകളും ഒക്കെ നൈട്രജൻ ആവിഷത്തിന് ലഭിക്കാൻ സഹായിക്കും അതിനാൽ പറമ്പിലെ ചെറിയ കളകളും മറ്റും പറിച്ച് ചേർക്കാവുന്നതാണ്.

പിന്നെ കുറച്ച് കരിയിലകൾ വേണം കരിയില ഉപയോഗിക്കണത്തിലൂടെ കാർബൺ ന്റെ കുറവ് പരിഹരിക്കാനാകും.

പിന്നെ വെസ്റ്റിലെ സൂക്ഷ്മണക്കളുടെ പ്രവർത്തനം കുറച്ച് വേഗത്തിൽ നടക്കാൻ കുറച്ച് പച്ച ചാണകം വെള്ളത്തിൽ കലക്കി ഒഴിച്ച കൊടുക്കാം.

പച്ചചാണകം കിട്ടാൻ ബുദ്ധിമുട്ടുള്ളവർ തൈര് ഉപയോഗിച്ചാൽ മതിയാകും.

ഈ വെസ്റ്റ് ബക്കറ്റ് മഴ കൊള്ളാത്ത സ്ഥലത്തു വേണം വെയ്ക്കാൻ.

അതിനടിയിൽ ഒരു പാത്രം വെയ്ച്ച്കൊടുക്കാം. ബക്കറ്റിൽ നിന്നും വരുന്ന ജലാംശം ഈ പത്രത്തിൽ എത്തിയാൽ അത് നമുക്ക് പച്ചക്കറികൾക്ക് തളിക്കാവുന്നതാണ്.

ആദ്യം തന്നെ ബക്കറ്റിനുള്ളിലേക്ക് കുറച്ച് പേപ്പർ ഇടാം. അധികമായി ജലാംശം തടയാനാണ് പേപ്പർ അല്ലങ്കിൽ ചകിരിച്ചോർ. പിന്നെ നമ്മുക്ക് രണ്ടാമതായി പച്ചക്കറി വെസ്റ്റ് , പഴത്തിന്റെ വെസ്റ്റ്, തേയിലചണ്ടി, മുട്ടത്തോട്, കാപ്പിമട്ട് ഒക്കെ ചേർത്ത് കൊടുക്കാം ഇനി എടുത്തു വേയ്ച്ചിരിക്കുന്ന കരിയില കൂടി ആഡ് ചെയ്ത കൊടുക്കാം.

ഇനി നമ്മുക്ക് പച്ച ചാണകം അതല്ലെങ്കിൽ തൈര് ചേർത്തു കൊടുക്കാവുന്നതാണ്. ഒരുപാട് ഒന്നും വേണ്ട നമ്മുടെ വെസ്റ്റ് നനയാൻ വേണ്ടി മാത്രം.

ഇനി ബക്കറ്റ് നമ്മുക്ക് മൂടിവെയ്ക്കാം അടുത്ത നാല് ദിവസം ഇതേ രീതി തന്നെ തുടരുക... 4 ദിവസം കൂടുമ്പോൾ ഒന്ന് ഇളക്കി കൊടുക്കുക ബക്കറ്റ് നിറയുമ്പോൾ നന്നായി മൂടി വെച്ച് 4 ദിവസം കൂടി ഇളക്കി കൊടുക്കുക ഏകദേശം ഒരു മാസം ആകുമ്പോൾ കമ്പോസ്റ്റ് റെഡി ആകുന്നതാണ്.

വിവരങ്ങൾക്ക്കടപ്പാട്- അടുക്കളത്തോട്ടം ബ്ലോഗ്



# സാഹിത്യ ക്വിസ്

1) വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യ ഫാബി ബഷീറിന്റെആത്മകഥ - ബഷീറിന്റെ എടിയേ.
2) സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ - പള്ളിയറ ശ്രീധരൻ.
3) ഷെല്ലി ദാസൻ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നത് -സുബ്രഹ്മണ്യ ഭാരതി.
4) ജ്ഞാനപീഠം നേടിയ ആദ്യ നോവലിസ്റ്റ് - താരാ ശങ്കർ ബാനർജി.
5) യജമാനൻ എന്ന മാസിക ആരംഭിച്ചത് - വാഗ്ഭടാനന്ദൻ.
6) സംസ്ഥാന ചലച്ചിത്ര അക്കാഡമി ചെയർമാൻ - കമൽ.
7) ഇന്ത്യ എന്റെ രാജ്യമാണ് എന്ന് തുടങ്ങുന്ന പ്രതിജ്ഞ രചിച്ചത് - പൈദി മാരി വെങ്കട്ട സുബ്ബറാവു.
8) കേരളത്തെ സമ്പൂർണ സാക്ഷരത നേടുന്ന ആദ്യ ഇൻഡ്യൻ സംസ്ഥാനമായി പ്രഖ്യാ വിച്ചത് - ഹമീദ് അൻസാരി .
9) മലയാളത്തിലെ ആദ്യത്തെ ഗണിത ശാസ്ത്ര ഗ്രന്ഥം - യുക്തി ഭാഷ.
10) 2016 ലെ എഴുത്തച്ഛൻ പുരസ്കാരം - സി.രാധാകൃഷ്ണൻ.
11) കേരള ലളിതകലാ അക്കാഡമിയുടെ മുഖപത്രം - ചിത്രവാർത്ത.
12) ശ്രേഷ്ഠ ഭാഷാ ദിനം - നവംബർ 1.
13) ശ്രേഷ്ഠ ഭാഷാ ദിനാചരണം തുടങ്ങിയത് - 2013 മെയ് 13
14) ജീവന് ജാതിയില്ല, ജീവൻ സത്താണെന്ന് പറഞ്ഞത് - ബ്രഹ്മാനന്ദ ശിവയോഗി.
15) തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് - കുഞ്ചൻ നമ്പ്യാർ.
16) കൂടിയാട്ടത്തിന്റെ അവതരണ ഭാഷ - സംസ്കൃതം
17) കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ - ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം, ശംഖ്.
18) കേരളത്തിൽ പ്രചാരത്തിലുള്ള ആയോധന കല - കളരിപ്പയറ്റ്.
19) കൂടിയാട്ടത്തിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ - ഇടയ്ക്ക, കുഴൽ, കുഴിത്താളം, മിഴാവ്, ശംഖ്.
20) ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ല സന്ദേശത്തിന്റെ നൂറാം വർഷം - 2016
21) കഥകളിയിലെ വേഷങ്ങൾ - പച്ച, കത്തി, കരി, താടി, മിനുക്ക്.
22) ഉത്തരകേരളത്തിൽ നിലവിലുള്ള അനുഷ്ഠാന കലാരൂ പം- പൂരക്കളി.
23) ഇന്ത ഉലകത്തിലെ ഒരേയൊരു മതം താൻ, ഒരേയൊരു ജാതി താൻ, ഒരേയൊരു കടവുൾ താൻ എന്നു പറഞ്ഞത് - തൈക്കാട്ട് അയ്യാ ഗുരു.
24) ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് - ശ്രീ നാരായണ ഗുരു.
25) വയലാറിന്റെ ചെറുകഥാ സമാഹാരം - വെട്ടും തിരുത്തും.
26) മുണ്ടശ്ശേരിയുടെ കവിതാ സമാഹാരം - ചിന്താ മാധുരി.
27) കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്ര നക്ഷത്രമെന്ന് വിശേഷിപ്പിച്ചത് - ജോസഫ് മുണ്ടശ്ശേരി.
28) മുണ്ടശ്ശേരിയുടെ ആത്മകഥ - കൊഴിഞ്ഞ ഇലകൾ.
29) മുണ്ടശ്ശേരി എഡിറ്ററായിരുന്ന പത്രം - നവജീവൻ.
30) ജീവിതപ്പാതയെന്ന ആത്മകഥ ആരുടെതാണ് - ചെറുകാട്.
31) ദേശീയ വിദ്യാഭ്യാസ ദിനം - നവംബർ 11.

32) ദേശീയ അവാർഡിൽ സംസ്കൃത ഭാഷയിൽ ഗാനരചന നടത്തി അവാർഡ് നേടിയത് - യുസഫലി.

33) മലയാളത്തിന്റെ ഉപഭാഷയായി കണക്കാക്കുന്ന മിനി ക്കോയി ഭാഷ - മഹൽ.

34) ജയ ജയ കോമള കേരള ധരണി യെന്ന ഗാനം ഉൾപ്പെട്ട മലയാള സിനിമ - യാചകൻ.

35) അംബികാസുതൻ മാങ്ങാട്ടിന്റെ നോവൽ എൻമകജെ. ഈ സ്ഥലം ഏത് ജില്ലയാണ് - കാസർഗോഡ്.

36) മലയാളത്തിലെ ആദ്യ വർത്തമാനപത്രം - രാജ്യസമാചാരം.

37) രാജ്യ സമാചാരം ആരംഭിച്ചത് - ഹെർമൻ ഗുണ്ടർട്ട്.

38) മലയാളത്തിൽ ആദ്യമായി അച്ചടിച്ച പുസ്തകം - സംക്ഷേപ വേദാർത്ഥം.

39) ആദ്യ നോവൽ -ഇന്ദുലേഖ

40) ഇന്ദുലേഖയുടെ കർത്താവ് - ഒ.ചന്തുമേനോൻ.

41) ഇന്ദുലേഖ പ്രസിദ്ധികരിച്ച വർഷം - 1889.

42) മലയാളത്തിലെ ആദ്യ ചെറുകഥ - വാസനാ വികൃതി.

43) പ്രസിദ്ധികരിച്ച വർഷം - 1891.

44) വാസനാ വികൃതിയുടെ കർത്താവ് - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

45) ഉണ്ണി നമ്പൂതിരിയുടെ പത്രാധിപരായിരുന്ന സാമൂഹ്യ പരിഷ്കർത്താവ് - വി.ടി.ഭട്ടതിരിപ്പാട്.

46) മലയാളത്തിലെ ഏറ്റവും പ്രാചീന കൃതി - രാമചരിതം.

47) രാമചരിതത്തിന്റെ കർത്താവ് - ചീരാമൻ.

48) മലയാളത്തിലെ ആദ്യ സന്ദേശകാവ്യം - ഉണ്ണുനീലിസന്ദേശം.

49) ആദ്യ തുള്ളൽ കൃതി - കല്യാണസൗഗന്ധികം.

50) മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം - മലയാണ്മയുടെ വ്യാകരണം

51) മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥത്തിന്റെ കർത്താവ് - റ വ : ജോർജ് മാത്തൻ.

52) മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം പുറത്തിറക്കിയ വർഷം - 1863.

53) കേസരി എന്ന പേരിൽ അറിയപ്പെടുന്ന ചെറുകഥാകൃത്ത് - വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

54) വാസനാ വികൃതി യെന്ന ചെറുകഥ ആദ്യമായി - വിദ്യാവിനോദിനി മാസികയിൽ.

55) മലയാളത്തിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥം - വർത്തമാനപ്പുസതകകം.

56) വർത്തമാനപ്പുസ്തകത്തിന്റെ കർത്താവ് - പാറമേക്കൽ തോമാ കത്തനാർ.

57) മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ചെറുകഥ - വാസനാ വികൃതി.

58) മലയാളത്തിലെ ആദ്യ മഹാകാവ്യം - രാമചന്ദ്രവിലാസം.

59) രാമചന്ദ്രവിലാസത്തിന്റെ കർത്താവ് - അഴകത്ത് പത്മനാഭക്കുറുപ്പ്.

60) സർവാണിക്കിണർ കുഴിച്ച സാമൂഹ്യ പരിഷ്കർത്താവ് - അയ്യാ വൈകുണ്ഠസ്വാമി.

61) രാമചന്ദ്ര വിലാസം ആദ്യമായി പ്രസിദ്ധികരിച്ചത് - മലയാളി പത്രത്തിൽ.

62) ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയത് - വൈകുണ്ഠസ്വാമി .

63) മലയാളത്തിൽ നിന്ന് ജ്ഞാനപീഠം - ജി.ശങ്കരക്കുറുപ്പ് (1965),എസ്.കെ.പൊറ്റെക്കാട്ട് (1980), തകഴി ശിവശങ്കരപ്പിള്ള (1984), എം.ടി.വാസുദേവൻ നായർ (1995), ഒ.എൻ.വി.കുറുപ്പ്

(2007). അക്കിത്തം(2019)

64) എസ്.കെ.പൊറ്റക്കാടിന്റെ ആദ്യ നോവൽ - നാടൻ പ്രേമം.

65) എസ്.കെ യുടെ കവിതാ സമാഹാരങ്ങൾ - പ്രേമ ശിൽപി, സഞ്ചാരിയുടെ ഗീതങ്ങൾ.

66) ഏഷ്യയിലെ ആദ്യ നൊബേൽ സമ്മാന ജേതാവ് - രബീന്ദ്രനാഥ ടാഗോർ.

67) ഭാനുസിംഹ യെന്ന തൂലികാനാമത്തിൽ എഴുതിയത് - ടാഗോർ.

68) ഗീതാഞ്ജലിയിലെ ആകെ കവിതകളുടെ എണ്ണം - 103.

69) ഗീതാഞ്ജലി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് - ടാഗോർ.

70) സർ പദവി ടാഗോറിന് നല്കിയത് - ജോർജ് അഞ്ചാമൻ.

71) ഗാന്ധിജിയെ ആദ്യമായി മഹാത്മാ യെന്നു വിളിച്ചത് - ടാഗോർ.

72) ടാഗോറിനെ ഗുരുദേവെന്ന് വിളിച്ചത് - ഗാന്ധിജി.

73) വന മഹോത്സവത്തിന് ആരംഭം കുറിച്ചത് - ടാഗോർ.

74) ടാഗോറിന്റെ ആത്മകഥ - ജീവൻ സ്മൃതി.

75) രാമപുരത്ത് വാര്യർ, കുഞ്ചൻ നമ്പ്യാർ ഏത് തിരുവിതാംകൂർ രാജാവിന്റെ സദസ്സിനെയാണ് അലങ്കരിച്ചിരുന്നത്?
അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ

76) ധർമ്മരാജ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന തിരുവിതാംകൂർ രാജാവ് ആര്?
കാർത്തികതിരുനാൾ രാമവർമ്മ.

77) വേലുത്തമ്പി ദളവ ജനിച്ച തലക്കുളം ഏത് ജില്ലയിൽ ആണ്?
കന്യാകുമാരി ജില്ലയിൽ

78) ബേപ്പൂർ സുൽത്താൻ - വൈക്കം മുഹമ്മദ് ബഷീർ.

79) ബഷീറിന്റെ ആദ്യ കഥ - തങ്കം (ജയകേസരിയിൽ).

80) ബഷീറിന്റെ തൂലികാനാമം - പ്രഭ.

81) ബഷീർ രൂപികരിച്ച സംഘടനയുടെ മുഖപത്രം - ഉജ്ജീവനം.

82) ബഷീറിന്റെ ആദ്യ നോവൽ - പ്രേമലേഖനം.

83) ബഷീറിന്റെ നാടകം - കഥാബീജം.

84) ബഷീറിന്റെ ആത്മകഥാപരമായ ഓർമക്കുറിപ്പ് - ഓർമയുടെ അറകൾ.

85) ബഷീറിന് ഡി - ലിറ്റ് നല്കിയത് - കാലിക്കറ്റ് സർവകലാശാല.

86) ബഷീറിന്റെ മരണശേഷം പ്രസിദ്ധികരിച്ച ചെറുകഥാ സമാഹാരം - യാ ഇലാഹി.

87) ടോൾസ് റ്റോയി മരിച്ച റയിൽവേ സ്റ്റേഷൻ - അസ്തപ്പോവ.

88) ഗാന്ധിജിയെ ഏറെ സ്വാധീനിച്ച ടോൾസ് റ്റോയി കൃതി - ദൈവരാജ്യം നമ്മുടെ ഉള്ളിലാണ്.

89) ഗാന്ധിജി സ്ഥാപിച്ച ടോൾസ് റ്റോയി ഫാം - ദക്ഷിണാഫ്രിക്കയിൽ.

90) തത്ത്വചിന്തകന്മാർക്കിടയിലെ രാജാവെന്ന് ഡോ.രാധാകൃഷ്ണനെ വിശേഷിപ്പിച്ചത് - ബട്രാൻഡ് റസ്സൽ.

91) വിജ്ഞാനം കുട്ടികളുടെ തലയിൽ അടിച്ചുകയറ്റുന്നതല്ല അധ്യാപനമെന്ന് പറഞ്ഞത് - പ്ലേറ്റോ.

92) ഇന്ത്യയിൽ അധ്യാപകദിനം ആഘോഷിച്ചു തുടങ്ങിയത് - 1961.

93) വാധ്യാർ കഥകളിലൂടെ പ്രസിദ്ധനായ മലയാള സാഹിത്യകാരൻ - കാരൂർ.




- ഭാരതത്തിൽ ആധുനിക സംഗീതത്തെ ഹിന്ദുസ്ഥാനി സംഗീതം, കർണ്ണാടിക് സംഗീതം എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു
- ഭാരതീയ സംഗീത കലകളുടെ ഉറവിടം : *സാമവേദം*

  കർണ്ണാടക സംഗീതത്തിലും, ഹിന്ദുസ്ഥാനി സംഗീതത്തിലും പൊതുവായി ഉപയോഗിക്കുന്ന സംഗീത ഉപകരണമാണ : *തംബുരു*
- കർണ്ണാടക സംഗീതത്തിന്റെ പിതാവ് : *പുരന്ദരദാസൻ*
- കർണ്ണാട്ടിക് സംഗീതത്തിന്റെ ത്രിമൂർത്തികൾ : *ത്യാഗരാജ സ്വാമികൾ, ശ്യാമ ശാസ്ത്രജ്ഞരുടെ സംഗീതജ്ഞൻ* എന്ന ബഹുമതി ഉള്ള കർണ്ണാടകാ സംഗീതജ്ഞൻ : എം. ഡി രാമനാഥൻ
- ഭക്തിപ്രസ്ഥാനകാലത്തെ ഏറ്റവും പ്രസിദ്ധമായ സംഗീത നാടകം : *ഗീതാഗോവിന്ദം*
- സപ്തസ്വരങ്ങൾ യഥാവിധി ആദ്യമായി ചിട്ടപെടുത്തിയ രാജ്യം-ഇന്ത്യ.
- വയലിൻ ഇന്ത്യൻ സംഗീതത്തിൽ ഉൽപെടുത്തിയത് : *ബാലുസ്വാമി ദീക്ഷിതർ* (ബാലബാസ്കർ എന്ന് ഓർക്കാം )
- ഹംസധ്വനീ രാഗത്തിന്റെ സൃഷ്ടാവ് : *മുത്തുസ്വാമി ദീക്ഷിതർ*
- പഞ്ചരത്ന കീർത്തനങ്ങളുടെ കർത്താവ് : *ത്യാഗരാജൻ*
- സ്വരജതി എന്ന സംഗീതാംശം കർണ്ണാടക സംഗീതത്തിൽ അവതരിപ്പിച്ചത് : *ശ്യാമശാസ്ത്രികൾ*
- ഗസലിന്റെ ഉത്ഭവസ്ഥാനം : പേർഷ്യ

  ഗസലിന്റെ പിതാവ് : മിർസ്സാഖാലിബ്

- *മേഘമൽ ഹാർ എന്ന ഹിന്ദുസ്ഥാനി രാഗമാണ മഴപെയ്യിക്കാൻ പാടുന്നത്*

  ഇതിനു സമാനമായ കർണ്ണാടക സംഗീതത്തിലെ രാഗമാണ : *അമൃതവർഷിണി*
- ആദ്യമായി സിംഫണി ചിട്ടപെടുത്തിയ ഇന്ത്യൻ സംഗീതജ്ഞ്ൻ : *ഇളയരാജ*

  എന്നാൽ സിംഫണി ഉണ്ടാക്കിയ ബധിരനായ വ്യക്തി * ബീഥോവൻ*
- ഗ്രാമി അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്ത ആദ്യ വനിത, ലഭിച്ച ആദ്യ ഇന്ത്യൻ വനിത : *നോറ ജോൺസ്* ( രവിശങ്കറിന്റെ മകൾ)
- വാദ്യങ്ങളുടെ രാജാവ് : *വയലിൻ* മനുഷ്യ ശബ്ദത്തോട് ഏറെ താദാത്മ്യമുള്ള നാദം വയലിന്റേതാണ
- സോപാന സംഗീതത്തിൽ ഉപയോഗിക്കുന്ന ഉപകരണം : ഇടയ്ക്ക
- അസുരവാദ്യം എന്നറിയപെടുന്നത് : ചെണ്ട
- ഇടയ്ക്ക ജനകീയ വാദ്യ ഉപകരണമാക്കിയ പ്രമുഖ വ്യക്തിയാണ : ഞെരളത്ത് പൊതുവാൾ
- പത്തൊമ്പതാംനൂറ്റാണ്ടിൽ ആദ്യകാലത്ത് തഞ്ചാവൂർ സഹോദരന്മാർ എന്നറിയപെട്ട *ചിന്നയ്യ സഹോദരന്മാർ* ദാസിയാട്ടം പരിഷ്കരിച്ച് ഭരതനാട്യത്തിനു രൂപം കൊടുത്തു
- ഭരതനാട്യത്തിനു പുതു ജീവൻ നൽകിയത് : രുക്മിണീ ദേവി അരുണ്ഡേൽ ( ആഡയാറിൽ ചെന്നൈ കലാക്ഷേത്രം നിർമ്മിച്ചു)



- ഭരതനാട്യത്തിനു ആഗോളതലത്തിൽ ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിചത് : ബാലസരസ്വതി
- ഒരു പ്രദേശത്തിന്റെ പേരിൽ അറിയപെടുന്ന ഏക നൃത്തരൂപം : കുച്ചുപ്പുടി
- തിരുമല തിരുപതി ദേവസ്ഥാനത്തിന്റെ ആസ്ഥാന നർത്തകി പട്ടം ലഭിച നർത്തകി : യാമിനി കൃഷ്ണമൂർത്തി
- കുച്ചുപ്പുടി നൃത്തത്തിനാധാരം : ഭാഗവതം
- കൂടിയാട്ടത്തിൽ പുരുഷ വേഷം കെട്ടുന്നത് : ചാക്യാർ,സ്ത്രീ വേഷം : നങ്ങ്യാർ
- കേരളത്തിലെ ഏറ്റവും പഴയ ക്ഷേത്ര കലകൾ : കൂത്തും കൂടിയാട്ടവും ഇതിനുപയോഗിക്കുന്ന സംഗീത ഉപകരണം *മിഴാവ്*

അൻസിൽ സി. വൈ





സുദീപ് സന്തോഷ്



ജെബിൻ തോമസ്

# എഴുത്തിലെ മൗലികത

ലേഖനം

**എഴുത്ത്: പി.രാമൻ**

കടപ്പാട്- യുറേക്ക ജൂൺ 2019

കുട്ടികളുടെ എഴുത്ത് ഇന്ന് ഒരു പ്രത്യേക സാഹിത്യവിഭാഗമായിത്തന്നെ പരിഗണിക്കാവുന്ന വിധത്തിൽ വളർന്നിട്ടുണ്ട്. എഴുത്തിൽ സജീവമായ ധാരാളം കുട്ടികൾ ഇപ്പോൾ മലയാളത്തിലുണ്ട്. കുട്ടികൾ വരയ്ക്കുമ്പോലെ വരയ്ക്കാനാണ് തനിക്കിഷ്ടമെന്ന് ചിത്രകാരനായ പാബ്ലോ പിക്കാസോ ഒരിക്കൽ പറഞ്ഞു. നിങ്ങൾ, കുട്ടികളുടെ എഴുത്തുമതെ, ആദിനിഷ്കളങ്കത കൊണ്ട് അനുഗ്രഹിക്കപ്പെട്ടതാണ് അവയെല്ലാം. പുരാതന മനുഷ്യൻ ഗുഹാഭിത്തികളിൽ കുത്തിക്കോറി വരച്ച ചിത്രങ്ങൾ പോലെ കാത്തു സംരക്ഷിക്കേണ്ടവയാണ് നിങ്ങളുടെ എഴുത്ത്. എന്താണെന്നോ? മുതിരുന്നതോടെ



നിങ്ങൾ കുട്ടികൾ മറ്റെല്ലാവരേയും പോലെ എഴുതാൻ തുടങ്ങുന്നു. അതോടെ നിങ്ങളുടെ എഴുത്തിന്റെ തളിർമയും തനിമയും മാഞ്ഞുമാഞ്ഞില്ലാതെയാകുന്നു.

പെറ്റുവീണ ഒരു കുഞ്ഞ് ലോകത്തെ അനുഭവിച്ചറിയുന്നത് അഞ്ചിന്ദ്രിയങ്ങളിലൂടെയാണ്. കണ്ടും കേട്ടും തൊട്ടും മണത്തും രുചിച്ചും പതുക്കെ കുഞ്ഞ് ലോകത്തെ മനസ്സിലാക്കുന്നു. താനറിഞ്ഞ ലോകത്തേയും തന്നെയും ഇന്ദ്രിയാനുഭൂതികളിലൂടെ ആവിഷ്ക്കരിക്കുന്ന സന്ദർഭങ്ങളിലാണ് കുട്ടികളുടെ എഴുത്ത് ഏറ്റവും മനോഹരമാവുക എന്നാണ് ഞാൻ നിരീക്ഷിച്ചറിഞ്ഞിട്ടുള്ളത്.

ബോധപൂർവമായ എഴുത്ത് തുടങ്ങുന്ന രണ്ടാം ഘട്ടത്തിൽ, മുകളിൽ പറഞ്ഞ ഇന്ദ്രിയാനുഭൂതികൾക്കു പകരം ആശയങ്ങൾ തള്ളിക്കേറിവരും. ഈ ആശയങ്ങളെ കാണാനും കേൾക്കാനും മണക്കാനും രുചിക്കാനും തൊട്ടറിയാനും ശ്രമിച്ചുനോക്കൂ. അതിനു കഴിയുന്ന തരത്തിൽ എഴുതി നോക്കൂ. മറ്റെല്ലാവരെയും പോലല്ല നിങ്ങൾ എഴുതുന്നത് എന്ന് അപ്പോൾ

തിരിച്ചറിയുക തന്നെ ചെയ്യും. ആശയങ്ങൾ പലപ്പോഴും എല്ലാവരുടെതുമായിരിക്കും. എന്നാൽ ഇപ്പോൾ കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടും അറിഞ്ഞത് നിങ്ങളുടെ സ്വന്തം ഇന്ദ്രിയങ്ങളാണ്. ആ അറിവ് നിങ്ങളുടെ സ്വന്തമാണ്. എഴുത്തിൽ അഞ്ചിന്ദ്രിയങ്ങളും തുറന്നുവയ്ക്കുക. അപ്പോൾ ഇന്ദ്രിയാനുഭൂതിയിൽ നിന്ന് നിങ്ങളുടേതു മാത്രമായ ഭാഷ ഉറന്നൊഴുകും.




നിങ്ങളെഴുതിയ കവിത, വായിക്കുന്നയാളുടെ മനസ്സിലെത്തുന്നതും ഇന്ദ്രിയങ്ങളിലൂടെയാണ്. ചുരുക്കത്തിൽ, ഒരു കുഞ്ഞ് ലോകത്തെ അറിയുമ്പോലെയാണ് വായിക്കുന്നയാൾ നിങ്ങളുടെ രചനയെ അറിയുന്നതും.ഇത്രയുമെഴുതുമ്പോൾ, ജീവിതത്തിലാദ്യമായി പരിചയപ്പെട്ട കവിയുടെ ഓർമ മനസ്സിലേക്കുവരുന്നു. ഉയർന്ന മരങ്ങളുടെ മേലടുക്കുകളിലെവിടെയോ നിന്ന്, അതോ മാനത്തുനിന്നോ, ആ മധുരശബ്ദം തൊടിയിൽ കളിച്ചു നടക്കുകയായിരുന്ന എന്റെ ചെവിയിലൂടെ ഹൃദയത്തിൽ വന്നു പതിച്ചു. 'വിത്തും കൈക്കോട്ടും' എന്നു പാടിയ ആ കവിയെ ഞാനൊരിക്കലും നേരിട്ടു കണ്ടിട്ടില്ല. ആ കേട്ടത് കവിതയാണെന്ന് എന്റെ കാത് ഹൃദയത്തോട് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു.




പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്കായ് ബഹു.എ.ഇ.ഒ. ഓമനക്കുട്ടൻ സാർ ക്ലാസ്സ് നൽകുന്നു.

# കൃഷിച്ചൊല്ലുകൾ



1. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല

2. അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ

3. അടിതെറ്റിയാൽ ആനയും വീഴും

4. അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്തിയാൽ ആത് കിടക്കുമോ?

5. അണ്ണാൻ കുഞ്ഞിനും തന്നാലായത്

6. അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ

7. അണ്ണാനെ മരം കയറ്റം പഠിപ്പിക്കണൊ?

8. അരിയും തിന്ന ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായക്ക് മുറുമുറുപ്പ്

9. അരിയെറിഞ്ഞാൽ ആയിരം കാക്ക

10. ആടറിയുമോ അങ്ങാടിവാണിഭം

11. ആട്ട കിടന്നിടത്ത് പൂട പോലുമില്ല

12. ആന കൊടുത്താലും ആശ കൊടുക്കരുത്

13. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ

14. ആന വലിച്ചാൽ ഇളാകാത്തൊരുതടി ശ്വാവിനെക്കൊണ്ട് ഗമിക്കായി വരുമൊ?

15. ആന വാ പൊളിക്കുന്നത് കണ്ടിട്ട് അണ്ണാൻ വാ പൊളിച്ചാൽ കാര്യമില്ല

16. ആന വായിൽ അമ്പഴങ്ങ

17. ആലിൻപഴം പഴുത്തപ്പോൾ കാക്കയ്ക്ക് വായപ്പുണ്ണ്

18. ആശാനക്ഷരമൊന്ന പിഴച്ചാൽ അമ്പത്തൊന്ന പിഴക്കും ശിഷ്യന്

19. ആളുകൂടിയാൽ പാമ്പ് ചാവില്ല

20. ഇരിക്കേണ്ടവൻ ഇരിക്കേണ്ടിടത്തിരുന്നില്ലെങ്കിൽ അവിടെ പട്ടി കയറി ഇരിക്കും

21. ഇള നാ കടി അറിയുമോ ഇളംപോത്ത് വെട്ടറിയുമോ?

22. എലിയെ പേടിച്ച് ഇല്ലം ചുടുക

23. ഏട്ടിലെ പശു പുല്ല് തിന്നുമോ?

24. ഒരു വെടിക്കു രണ്ടു പക്ഷി

25. ഓടുന്ന പട്ടിയ്ക്ക് ഒരു മുഴം മുൻപേ

26. കടുവയുടെ കയ്യിൽ കുടൽ കഴുകാൻ കൊടുക്കുക.

27. കരിമ്പുകൊണ്ടടിച്ച കഴുത കരിമ്പിൻ രുചിയറിയുമോ

28. കാക്ക കുളിച്ചാൽ കൊക്കാകുമോ

29. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

30. കാക്കയുടെ വിശപ്പും മാറും ,പശുവിന്റെ കടിയും മാറും .

31. കുടൽ കാഞ്ഞാൽ കുതിരവയ്ക്കോലും തിന്നും

32. കുരക്കുന്ന പട്ടി കടിക്കില്ല

33. കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ

34. കുരങ്ങൻറെ കയ്യിലെ പൂമാല പോലെ

35. കൈ വിട്ട കല്ലും, വായ് വിട്ട വാക്കും

36. കൊക്കെത്ര കുളം കണ്ടതാ

37. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൌതുകം

38. ഗതികെട്ടാൽ പുലി പുല്ലും തിന്നും



39. ഗരുഡൻ ആകാശത്തിൽ പറക്കും, ഈച്ച അങ്കണത്തിൽ പറക്കും

40. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

41. ചൂടുവെള്ളത്തിൽ വീണ പൂച്ചക്ക് പച്ചവെള്ളം കണ്ടാലും പേടി

42. ചെമ്മീൻ തുള്ളിയാൽ മുട്ടോളം പിന്നെയും തുള്ളിയാൽ ചട്ടീല്

43. ഞാൻ ഞാനല്ലാതായാല്പിന്നെ നായയാണ

44. തന്നോളം പോന്നാൽ മകനേയും താനെന്നു വിളിക്കണം

45. താൻ കുഴിച്ച്കുഴിയിൽ താൻ തന്നെ വീഴും

46. താനിരിക്കേണ്ടിടത്ത് താനിരുന്നില്ലെങ്കിൽ നായ ഇരിക്കും

47. തിരിഞ്ഞു കളിയും മാടിക്കെട്ടും

48. ദാരിദ്ര്യമെന്തെന്നതറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ

49. നടുക്കടലിലും നായ നക്കിയേ കുടിക്കൂ

50. നാ(നായ)നാ ആയിരുന്നാൽ പുലി കാട്ടം (കാഷ്ടം)ഇടും

51. നിത്യഭ്യാസി ആനയെ എടുക്കും

52. നീർക്കോലിക്ക് നീന്തൽ പഠിപ്പിക്കണ്ട

53. പട്ടി കുരച്ചാൽ പടിപ്പുര തുറക്കുമൊ?

54. പട്ടിക്കു രോമം കിളിർത്തിട്ട് അമ്പട്ടനെന്ത് കാര്യം

55. പട്ടിയുടെ വാല് കുഴലിലിട്ടാൽ പന്തീരാണ്ട് കഴിഞ്ഞാലും നിവരില്ല

56. പശു കിഴടായാലും പാലിൻറെ രുചിയറിയുമോ

57. പണത്തിനു മീതെ പരുന്തും പറക്കില്ല

58. പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേ പോലെ ഫലിയ്ക്കുന്നില്ല.

59. പാണന് ആന മൂധേവി

60. പാമ്പിനു പാലു കൊടുത്താലും ഛർദ്ദിക്കുന്നതു വിഷം

61. പൂച്ചയ്ക്കെന്ത് പൊന്നുരുക്കുന്നിടത്ത് കാര്യം

62. പൂച്ചയ്ക്കാര് മണികെട്ടും

63. പൂട്ടുന്ന കാളയെന്തിനു വിതയ്ക്കുന്ന വിത്തറിയുന്നു

64. പെട്ടാൽ പിന്നെ പെടയ്ക്കാനല്ലേ പറ്റൂ.

65. പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലരുത്

66. മിണ്ടാപ്പൂച്ച കലമുടക്കും

67. മുതലക്കുഞ്ഞിനെ നീന്തൽ പഠിപ്പിക്കേണ്ട

68. മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങവീണു

69. വെടിക്കെട്ടുകാരൻറെ പട്ടിയെ ഉടുക്ക് കാട്ടി പേടിപ്പിക്കരുത്

70. വെട്ടാൻ വരുന്ന പോത്തിനൊടു വേദമൊതിയിട്ടു കാര്യമില്ല.

71. വെട്ടാൻ വരുന്ന പോത്തിനോട് വേദമോതാൻ നിൽക്കരുത്

72. വേലി ചാടുന്ന പശുവിനു
കോലുകൊണ്ട് മരണം








ആദിത്യ അനു

അന്നമ്മ ക്ലീറ്റസ്

# മാങ്ങാപ്പച്ചടി

## പാചകക്കുറിപ്പ്





നിഷ ഫ്രാൻസിസ്

**ചേരുവകൾ**

മാങ്ങാ – ഒരെണ്ണം

ഇഞ്ചി – ഒരു ചെറിയ കഷണം

ചെറിയ ഉള്ളി – 12 അല്ലി

പച്ചമുളക് – 3 എണ്ണം

തേങ്ങാ – അര കപ്പ്

കടുക് – കാൽ ടീസ്പൂൺ

കറിവേപ്പില – 2 തണ്ട്

വെളിച്ചെണ്ണ – 2 ടേബിൾസ്പൂൺ

ഉപ്പ് – പാകത്തിന്

**തയ്യാറാക്കുന്ന വിധം**

മാങ്ങ തീരെ ചെറുതായി കൊത്തി അരിഞ്ഞു ഉപ്പ് പുരട്ടി വയ്ക്കുക. ഉള്ളി, ഇഞ്ചി, പച്ചമുളക് ഇവ ചെറുതായി അരിഞ്ഞെടുക്കുക. തേങ്ങാ കടുക് ചേർത്ത് അൽപ്പം വെള്ളം ഒഴിച്ച് നന്നായി അരച്ചെടുക്കുക. ഒരു ചീനച്ചട്ടിയിൽ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ കടുക് പൊട്ടിക്കുക. ഇതിലേക്ക് അരിഞ്ഞു വച്ചിരിക്കുന്ന ഉള്ളി, ഇഞ്ചി, പച്ചമുളക് എന്നിവ ചേർത്ത് വഴറ്റുക. തേങ്ങാ അരച്ചത് ഇതിലേക്ക് ചേർത്ത് ചൂടാക്കി എടുക്കുക. അരിഞ്ഞു വച്ചിരിക്കുന്ന മാങ്ങയിലേക്ക് ഈ കൂട്ട് ചേർത്ത് നന്നായി യോജിപ്പിച്ചെടുക്കുക. കറിവേപ്പില കൊണ്ട് അലങ്കരിച്ച വിളമ്പാം.

# എന്താണ് വിക്കിപീഡിയ?




വിക്കിപീഡിയ, ഒരു സ്വതന്ത്ര വിജ്ഞാനകോശം.

യു.ആർ.എൽ.www.wikipedia.org

മുദ്രാവാക്യം ആർക്കും തിരുത്തിയെഴുതാവുന്ന സ്വതന്ത്ര വിജ്ഞാനകോശം. (ഇംഗ്ലീഷ്: The free encyclopedia that anyone can edit).

ലഭ്യമായ ഭാഷകൾ 292 സജീവ പതിപ്പുകൾ (മൊത്തം:253)[1]

ഉടമസ്ഥത വിക്കിമീഡിയ ഫൗണ്ടേഷൻ

നിർമ്മിച്ചത് ജിമ്മി വെയിൽസ്, ലാറി സാങർ

തുടങ്ങിയ തീയതി ജനുവരി 15, 2001; 19 വർഷങ്ങൾക്ക് മുമ്പ്

എല്ലാ ഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞാനകോശം നിർമ്മിക്കുവാനുള്ള ഒരു കൂട്ടായ സംരംഭമാണ് വിക്കിപീഡിയ (ഇംഗ്ലീഷ്: Wikipedia). ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷന്റെ പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം ഗ്നൂ സ്വതന്ത്ര പ്രസിദ്ധീകരണാനുമതി പ്രകാരം ലഭ്യമായതിനാൽ എപ്പോഴും സ്വതന്ത്രവും സൗജന്യവും ആയിരിക്കും. എങ്കിലും ചില പതിപ്പുകളിൽ സ്വതന്ത്രമല്ലാത്ത ഉള്ളടക്കവും നിലവിലുണ്ട്. വിക്കിപീഡിയ എന്ന പേര്, വിക്കി, എൻസൈക്ലോപീഡിയ എന്നീ പദങ്ങളുടെ ഒരു മിശ്രശബ്ദമാണ്.


ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധ സേവന തൽപരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിച്ചാണ് വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്. ലേഖനം എഴുതുവാനും, മിക്കവാറും എല്ലാ ലേഖനങ്ങളും തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും വിക്കിപീഡിയ അനുവദിക്കുന്നുണ്ട്.

ജിമ്മി വെയിൽസ്, ലാറി സാങർ എന്നിവർ 2001 ജനുവരി 15 നാണ് വിക്കിപീഡിയ പദ്ധതിക്ക് തുടക്കംകുറിച്ചത്. വിദഗ്ധന്മാർ ലേഖനങ്ങളെഴുതിയ നൂപീഡിയ എന്ന വെബ് വിജ്ഞാനകോശത്തിന്റെ പൂരകസംവിധാനമായാണ് വിക്കിപീഡിയ ആരംഭിച്ചത്. ജനകീയ പങ്കാളിത്തത്തിലൂടെ മാതൃവെബ്സൈറ്റിനെക്കാൾ പ്രശസ്തി കൈവരിക്കാൻ വിക്കിപീഡിയയ്ക്ക്

സാധിച്ചു. ഇന്ന് ഇന്റർനെറ്റിൽ ഏറ്റവും പ്രശസ്തമായ പൊതു-അവലംബ ഉദ്യമമായി വിക്കിപീഡിയ കണക്കാക്കപ്പെടുന്നു.വിക്കിസോഫ്റ്റ്‌വെയർ എന്ന സംവിധാനമാണ് ഈ സ്വതന്ത്രവിജ്ഞാനകോശത്തിന്റെ അടിസ്ഥാനം.

292 ഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. 5,845,671 ൽ അധികം ലേഖനങ്ങളുള്ള ഇംഗ്ലീഷ് പതിപ്പാണ് (http://en.wikipedia.org) ഈ സംരംഭത്തിന്റെ പതാകവാഹക. മലയാളമടക്കം 20 ഇന്ത്യൻഭാഷകളിലും വിക്കിപീഡിയ പ്രവർത്തിക്കുന്നു.

വിക്കിപീഡിയ നൽകുന്ന സേവനങ്ങൾ












"സാർ, വണ്ടി ക്ലീൻ ചെയ്യണോ? "
വീടിന് മുന്നിലുള്ള പാർക്കിങ്ങിൽ വണ്ടി നിർത്തി പുറത്തിറങ്ങിയപ്പോൾ കേട്ട ഈ ശബ്ദം അമ്പരപ്പെടുത്തി.
സാധാരണ, "സാബ്, ഗാഡി സാഫ് കരേഗ? "എന്ന് ചോദിച്ച വരുന്ന ബംഗാളികൾ ആണ്.
അതിനിടയിൽ എവിടുന്ന വന്ന ഈ മലയാളി എന്നോർത്തുകൊണ്ടു തന്നെ പറഞ്ഞു.
"വേണ്ട. "
"സാർ മാസം അഞ്ചു റിയാൽ തന്നാൽ മതി. എല്ലാദിവസവും രാവിലെ ക്ലീൻ ചെയ്തോളാം.
ബംഗാളികൾ പത്തു റിയാൽ ആണ് വാങ്ങുന്നത്. "
"കാശിന്റെ അല്ല സുഹൃത്തേ..
എനിക്കിഷ്ടമല്ല ഇങ്ങനെ വണ്ടി കഴുകുന്നത്. ഒരു ബക്കറ്റ് വെള്ളവും ഒരു തുണിയും കൊണ്ട് അൻപത് വണ്ടി കഴുകും നിങ്ങൾ. വൃത്തിയാകില്ല എന്ന് മാത്രമല്ല വണ്ടി മുഴുവൻ സ്ക്രാച്ച് ആവുകയും ചെയ്യും. "
അല്പം നീരസത്തോടെ അത് പറഞ്ഞു ഗേറ്റിനുള്ളിലേക്ക കടന്നപ്പോൾ അയാൾ പിറകെ വന്ന വീണ്ടും പറഞ്ഞു.
"സാർ, വലിയ ബുദ്ധിമുട്ടിലാണ്.. ജോലിയൊന്നും ഇല്ല..വണ്ടികഴുകിയെങ്കിലും ജീവിക്കാൻ നോക്കുവാ.. "
അത് പറയുമ്പോൾ അയാളുടെ ശബ്ദം ഇടറുന്നത് എനിക്ക് മനസ്സിലായി.
"നിങ്ങൾക്ക് വേറെ ജോലി ഇല്ലേ?? "

"ഇല്ല സാർ, കമ്പനി പൂട്ടിയിട്ട് വർഷങ്ങൾ ആയി. വിസയും ലേബർ കാർഡും ഒന്നും ഇല്ല. അത് കൊണ്ടാണ്... "

പതിഞ്ഞ ശബ്ദത്തിൽ വന്ന വിറയാർന്ന വാക്കുകൾ..വഴിവിളക്കിന്റെ അരണ്ടവെളിച്ചത്തിൽ അയാളുടെ കണ്ണിലെ നിരാശയുടെ നരച്ച തിളക്കം എനിക്ക് കാണാമായിരുന്നു.

"എന്താ.. നിങ്ങടെ പേര്?? നാട്ടിൽ എവിടാ??

"രാജൻ എന്നാണ് സാറെ.. നാട്ടിൽ ചാവക്കാട്. "

ഞാൻ എന്തെങ്കിലും ചോദിക്കുമെന്ന് അയാളും, അയാൾ എന്തോ പറയാൻ ക്കിവച്ചിട്ടുണ്ട് എന്നെനിക്കും തോന്നിയത് പോലെ. ചൂഴ്ന്ന നിന്ന ഇരുട്ടിന്റെ മറവിൽ സ്വയം മറയ്ക്കാൻ അയാൾ വെറുതെ പാടുപെടുന്നത് പോലെ...

ദിശ തെറ്റി, മരുഭൂമിയിൽ പകച്ചുനിൽക്കുന്നവന്റെ വരണ്ട തൊണ്ടയിൽ നിന്നുയരുന്ന നിസ്സഹായതയുടെ ശ്വാസതാളം എനിക്ക് തിരിച്ചറിയാൻ പറ്റുന്നുണ്ടായിരുന്നു അപ്പോൾ.

"ശരി രാജൻ.. നിങ്ങൾ നാളെ മുതൽ വണ്ടി തുടച്ചോളൂ.. പക്ഷേ ഗ്ലാസ് മാത്രം തുടച്ചാൽ മതി.. വേറെയൊന്നും ക്ലീൻ ചെയ്യരുത്.. "

"ഒരുപാട് നന്ദി സാർ.. ഞാൻ രാവിലെ ആറരയ്ക്ക് വന്നു ക്ലീൻ ചെയ്തോളാം.. സാറിന് അതിനുമുൻപ് എവിടെയെങ്കിലും പോകാനുണ്ടോ?? "

"ഇല്ല..

പക്ഷേ 6-40 ന് എനിക്ക് സ്കൂളിൽ പോകണം.. പിള്ളേരെ കൊണ്ട് വിടാൻ.. "

"ഞാൻ അതിന് മുൻപ് ചെയ്തോളാം സാർ.. "

വിറയാർന്ന കാലടികളോടെ അടുത്ത പാർക്കിംഗ് ലക്ഷ്യമാക്കി അയാൾ നടന്ന് നീങ്ങുന്നത് നോക്കി കുറെ നേരം അവിടെ തന്നേ നിന്ന് ഞാൻ..

അയാളുടെ നിഴലുകൾക്ക് നീളക്കൂടുതൽ ഉള്ളത് പോലെ..

ഭാരം ചുമന്നു തളർന്നു മടുത്ത കഴുതയെപോലെ അയാൾ കിതയ്ക്കുന്നുണ്ടോ??

ഇരുളിന്റെ മറവിൽ സ്വയം മറന്ന ഭ്രാന്തനെപ്പോലെ ആരോടെന്നില്ലാതെ അയാൾ പിറുപിറുക്കുന്നുണ്ടോ??

നിറം മങ്ങിയ ചിറകുകൾ വീശി നിശാശലഭങ്ങൾ അയാളുടെ തലയ്ക്കു ചുറ്റും പറക്കുന്നപോലെ.. പറഞ്ഞറിയിക്കാൻ പറ്റാത്ത എന്തോ ഒരു നൊമ്പരം തന്റെയുള്ളിൽ പടരുന്നത് ഞാൻ അറിയുകയായിരുന്നു.

"പപ്പാ എന്ത് ചെയ്യുവാ അവിടെ? "

ബാൽക്കണിയിൽ നിന്ന് ഇളയ മോളുടെ ചോദ്യമാണ് തോന്നലുകളുടെ ഇഴകൾ പൊട്ടിച്ചത്.

എന്നത്തേയും പോലെ അന്നും, തിരക്കുപിടിച്ച ഒരു ദിവസത്തിന്റെ ചെക്ക് ഔട്ട് വീടിന്റെ കാളിങ് ബെല്ലിൽ രേഖപ്പെടുത്തി അകത്തേയ്ക്ക് കടന്നു.

പറഞ്ഞത് പോലെ രാവിലെ തന്നേ അയാൾ വണ്ടിയുടെ അടുത്ത് ഉണ്ടായിരുന്നു.

"ഗുഡ് മോർണിംഗ് സാർ... "

ചെറു ചിരിയോടെ അയാൾ പറഞ്ഞു..

"സാർ നോക്കിയേ... നന്നായി തുടച്ചിട്ടുണ്ട്.. ഗ്ലാസ് മാത്രം.. "

ഒന്നും മിണ്ടാതെ മക്കളെയും കയറ്റി വണ്ടിയെടുത്തു പോകുമ്പോൾ അവർ ചോദിച്ചു, "ആരാ പപ്പാ അത്..? "

"ഓ, അത് വണ്ടി ക്ലീൻ ചെയ്യാൻ വരുന്നതാ."

തുടർന്നുള്ള എല്ലാ പുലരികളിലും അയാളുടെ മുഖവും പതിഞ്ഞ ശബ്ദത്തിലുള്ള ഗുഡ് മോർണിംഗും ഞാനറിയാതെ തന്നെ എന്റെ ജീവിതത്തിന്റെ ഭാഗമാകുകയായിരുന്നു..

ഒരു ദിവസം അയാൾ അല്പം വിഷമത്തോടെ പറഞ്ഞു..

"സാറെ, ബംഗാളികൾ എന്നെ ഭീഷണിപ്പെടുത്തി.. അവന്മാരുടെ ഏരിയ ആണിതെന്നും നാളെ മുതൽ വണ്ടി കഴുകാൻ ഇവിടെ വരരുത് എന്നും..

ഇതെന്താ സാറെ ഇവന്മാരുടെ കുത്തകയാണോ?

അല്ലേലും ലോകമെങ്ങും കുത്തകകൾ പാവപ്പെട്ടവരെ ഭീഷണിപ്പെടുത്തുകയാണല്ലോ.. "

"ആഹാ... രാജൻ കമ്മ്യൂണിസ്റ്റ് ആണോ?

പെട്ടെന്നായിരുന്നു എന്റെ ചോദ്യം...

"അതെ സാറെ... ചെറുപ്പം മുതൽ പാർട്ടി പ്രവർത്തകനാണ്.. "

എന്നിട്ടും പ്രവാസി ആയി കഷ്ടപ്പെടേണ്ടി വരുന്നില്ലേ.. പാർട്ടിക്കാർ ഒക്കെ അവരുടെ കാര്യമേ നോക്കൂ.. നിങ്ങളെ പോലുള്ള പാവങ്ങൾ വെറുതെ തല്ലാനും കൊല്ലാനും പോകും.. "

"അങ്ങനെ പറയല്ലേ സാറെ.. എല്ലാ പാർട്ടികളെയും പോലെ അല്ല ഞങ്ങടെ പാർട്ടി.. ഞങ്ങൾ കമ്മ്യൂണിസ്റ്റ് കാരാ.. "

മറുപടി പറയാതെ ചിരിക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ..

എത്ര നിഷ്കളങ്കനാണ് ഈ മനുഷ്യൻ എന്നോർത്തു പോയി..

"അപ്പൊ സാറെ.. ഈ ബംഗാളികൾ വല്ലതും ചെയ്യുമോ എന്നെ? "

"രാജൻ ധൈര്യമായി ചെയ്തോളൂ.. നാളെ അവന്മാർ വന്നാൽ എന്റെ വണ്ടിയുടെ ഗ്ലാസിൽ ഒട്ടിച്ചിരിക്കുന്ന ഈ സ്റ്റിക്കർ കാണിച്ചു കൊടുക്കണം.. ഈ സാർ മിനിസ്ട്രിയിൽ ആണ് ജോലി.. സാറിനോട് പറഞ്ഞ് നിന്നെയെല്ലാം ലേബറിനെ കൊണ്ട് പിടിപ്പിക്കും എന്ന് പറഞ്ഞോ.. "

"അപ്പൊ സാർ ശരിക്കും ലേബറിൽ ആണോ ജോലി?? "

"നീ പറഞ്ഞോളൂ രാജാ... "
ചിരിച്ചു കൊണ്ട് അതുപറഞ്ഞു പോകുമ്പോൾ റിയർ വ്യൂ മിററിൽ തെളിഞ്ഞ അയാളുടെ മുഖം വീണ്ടും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിന്നു.

പിറ്റേദിവസം രാവിലെ ഗേറ്റ് തുറന്നു തന്നത് അയാൾ ആയിരുന്നു.. തന്നെ കാത്തു നിൽക്കുകയാണ്..
"സാറെ, ബംഗാളികൾ ഓടി.. ഞാൻ സാറിന്റെ വണ്ടിയിലെ സ്റ്റിക്കർ കാണിച്ചു സാർ പറഞ്ഞപോലെ പറഞ്ഞു.. എന്നെ കൊറേ ചീത്ത വിളിച്ചിട്ട് അവന്മാർ സൈക്കിൾ എടുത്ത് ഓടി.. "

"ആഹാ.. ഭയങ്കരൻ ആണല്ലോ രാജൻ.
കുത്തകകളെ ഒറ്റ ദിവസം കൊണ്ട് ആട്ടിയോടിച്ചല്ലോ !"

"ഞാൻ എന്ത് ചെയ്തു സാറെ? അവന്മാർ സാറിനെ പേടിച്ചാ പോയത്.
അല്ല സാറെ, സാർ ശരിക്കും ലേബറിൽ ആണോ?? "

"പിന്നല്ലാതെ.. നമ്മളോടാ ബംഗികളുടെ കളി. "
ജോലിയുടെ ഭാഗമായി പല ഗവണ്മെന്റ് ഓഫീസുകളിലും പോകുന്നതിനാൽ അകത്തേയ്ക്ക് കയറാൻ ഉള്ള എൻട്രി പാസ്സ് വണ്ടിയുടെ ഗ്ലാസിൽ ഒട്ടിക്കണം.അങ്ങനേയൊരു സ്റ്റിക്കർ ആണ് ഇന്ന് രാജന്റെ ജോലി സ്ഥിരമാക്കിയത് എന്നോർത്തപ്പോൾ അറിയാതെ വീണ്ടും ചിരിച്ചു.

മൂന്ന് നാല് മാസങ്ങൾ കൊണ്ട് രാജന്റെ കഥകൾ ഒക്കെ അയാൾ പറഞ്ഞറിഞ്ഞു. ജീവിതത്തിൽ ഒന്നും നേടിയില്ല.. നാട് കണ്ടിട്ട് വർഷങ്ങൾ ആയി. നാട്ടിൽ ഭാര്യയും രണ്ട് മക്കളും. മോനും മോളും. മോള് 12 ക്ലാസ്സിൽ പഠിക്കുന്നു. മകൻ എട്ടിലും. മോൾക്ക് ഏഴു വയസ്സുള്ളപ്പോൾ കണ്ടതാണ്... പിന്നെ നാട്ടിൽ പോയിട്ടില്ല... വർഷങ്ങൾ കഷ്ടപ്പെട്ട്

ഉണ്ടാക്കിയ സമ്പാദ്യം എല്ലാം ഭാര്യയുടെ പേരിൽ അയച്ച കൊടുത്തു.. അവർ സുഖമായി ജീവിക്കുന്നു . ഭാര്യ ഇപ്പോൾ വിളിക്കാറോ സംസാരിക്കാറോ ഇല്ല.. മക്കൾ വല്ലപ്പോഴും വിളിക്കും.. ക്യാഷ് ചോദിക്കാൻ.. ഉള്ളപ്പോൾ കൊടുക്കുമായിരുന്നു.. പിന്നെ പിന്നെ ഇല്ലായ്മയിൽ നിന്ന് എന്ത് കൊടുക്കാൻ.. കാശ് കിട്ടാതായപ്പോൾ മക്കളും വിളി നിർത്തി.. ഇടയ്ക്ക് അയാൾ അങ്ങോട്ട് വിളിക്കുമായിരുന്നു.. ആരും ഫോൺ എടുക്കാറില്ല.. ഇപ്പോൾ രണ്ട് വർഷമായി.... ആരെയും വിളിക്കാറില്ല.. ആരും ഇങ്ങോട്ടും...

ഒരു കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുന്ന നാലു കൂട്ടുകാർക്കൊപ്പം അവരുടെ റൂമിൽ ആണ് താമസം.. അവർ അതിരാവിലെ സൈറ്റിൽ പോകും .. രാത്രി 8 മണി കഴിഞ്ഞേ വരൂ.. അത് വരെ അയാൾ അവിടെയും ഇവിടെയും അലഞ്ഞു നടക്കും... വൈകിട്ട് മാത്രമേ ഭക്ഷണം കഴിക്കാറുള്ളൂ.. അതും അവരുടെ കാരുണ്യം.. ഇപ്പോൾ വണ്ടി കഴുകി കിട്ടുന്ന കാശിനു പച്ചക്കറിയും മീനും ഒക്കെ വാങ്ങിക്കൊണ്ടു പോകും..

"ഇത്രയും നാൾ അവർ സഹായിച്ചതല്ലേ.. ഇപ്പോൾ എന്റെ കയ്യിൽ ഇച്ചിരി കാശ് ഉണ്ടല്ലോ.. ഉള്ളത് കൊണ്ട് ഞാൻ അതൊക്കെ വാങ്ങും സാറെ.. ആർക്ക് വേണ്ടി സമ്പാദിക്കാൻ ആണ്... പിന്നെ ഷുഗറിനും പ്രേഷറിനും ഉള്ള ഗുളിക വാങ്ങും..

പക്ഷേ ഇപ്പോൾ അതൊന്നും കഴിക്കാൻ തോന്നുന്നില്ല സാറെ.. എങ്ങനേലും ഒന്ന് പോയി കിട്ടിയാൽ മതി..."

"നാട്ടിൽ പോകാൻ ആഗ്രഹമില്ലേ രാജന്?? "

ആ ചോദ്യം അയാൾ പ്രതീഷിച്ചിരുന്നില്ല എന്ന് തോന്നുന്നു..

വെറുതെ എന്റെ മുഖത്തേയ്ക്ക് നോക്കി നിന്നു അയാൾ..

അല്ലെങ്കിലും പ്രതീക്ഷകൾ പണയം വച്ചവൻ ആണല്ലോ അവൻ.... പണ്ടേ!

"നാട്ടിൽ പോകാൻ ആഗ്രഹിക്കാത്തവർ ആരുണ്ട് സാറെ.. എനിക്കെന്റെ മക്കളെ കാണാൻ ഭയങ്കര ആഗ്രഹം ആണ്.. അവർക്ക് വേണ്ടെങ്കിലും എന്റെ മക്കൾ അല്ലെ സാറെ... വേണ്ടെന്നു വയ്ക്കാൻ പറ്റുമോ??

പക്ഷേ എങ്ങനെ പോകാൻ സാറെ... വിസ തീർന്നിട്ട് മൂന്നു വർഷമായി..പാസ്പോർട്ട് അറബിയുടെ കയ്യിൽ ആണ്.. അയാൾ എവിടാണെന്ന് പോലും എനിക്കറിയില്ല.. ഇനി വല്ല പൊതുമാപ്പും വരണം.. അത് വന്നാലും സാറെ.. കയ്യിൽ ഒന്നും ഇല്ലാതെ നാട്ടിലോട്ട് ചെന്നിട്ട് എന്ത് ചെയ്യാൻ.. ചെന്നാലും അവർക്ക് എന്നെ വേണ്ട സാറെ.. "

ഇതൊക്കെ പറയുമ്പോളും ഒന്ന് കരയാൻ മറന്ന അയാൾ എന്നത് എന്നെ ഏറെ നൊമ്പരപ്പെടുത്തി.

ഒന്ന് കരയാൻ പോലും ആകാത്ത മനുഷ്യൻ..

അയാളുടെ കണ്ണുകളിൽ നിർവികാരത മാത്രം !!

മരുഭൂമിയിൽ തളർന്നു വീണവന്റെ നിസ്സഹായത...

പ്രതീക്ഷകൾക്ക് മീതെ പറന്ന പ്രവാസത്തിൽ ചിറക് തകർന്നവൻ..

ദിവസങ്ങളും മാസങ്ങളും വളർത്തിയ വല്ലാത്തൊരു ആത്മബന്ധം അയാളുമായി ഏറെ അടുപ്പിച്ചു.. പ്രിയപെട്ടവരിൽ ആരോ എന്നൊരു തോന്നൽ.. എനിക്ക് മാത്രമല്ല മക്കൾക്കും.

എന്നും രാവിലെ കുട്ടികളോട് അയാൾ എന്തെങ്കിലും ഒക്കെ ചോദിക്കും.

മക്കൾ സ്കൂളിൽ പോകാൻ ഇറങ്ങുമ്പോൾ എന്നും അങ്കിളിനു കഴിക്കാൻ അവരുടെ സ്നാക്സിൽ നിന്ന് എന്തെങ്കിലും കൊണ്ടുവരുമായിരുന്നു. ചിലപ്പോൾ ഒരു ബ്രെഡ് സാൻഡ്‌വിച്, മറ്റു ചിലപ്പോൾ ഒന്നോ രണ്ടോ ബിസ്കറ്റ് അല്ലെങ്കിൽ ഒരു ആപ്പിൾ എങ്കിലും അവർ അയാൾക്കായി കരുതും. അവരുടെ കയ്യിൽ നിന്ന് അത് വാങ്ങി കഴിക്കുവാൻ അയാൾക്കും വലിയ സന്തോഷമായിരുന്നു. വേണ്ടെന്ന് പലവട്ടം വിലക്കിയിട്ടും പലപ്പോഴും ഓരോ മിട്ടായി അയാൾ അവർക്ക് കൊടുക്കും.

"എന്റെ മക്കളെ പോലെ അല്ലേ സാറെ അവർ, എനിക്കൊരു സന്തോഷം ആണ് അവർക്ക് ഇത് കൊടുക്കുമ്പോൾ ".

അത് പറയുമ്പോൾ അയാളുടെ ഉള്ളിലെ അച്ഛൻ എത്രത്തോളം ഉരുകുന്നു എന്ന് എനിക്കറിയാമായിരുന്നു.

പതിവ് പോലെ അന്ന് രാവിലെ സ്കൂളിൽ പോകാൻ വന്നപ്പോൾ ഗ്ലാസ് ക്ലീൻ അല്ലെന്ന് കണ്ടു. രാജനെ കാണാനുമില്ല. ചുറ്റും ഒന്ന് കണ്ണോടിച്ചു.. ഇനി പതിയെ നടന്നു വരുന്നുണ്ടോ? വാച്ചിൽ സമയം നോക്കി.. ഇനി താൻ നേരത്തെ ആണോ?

അന്നാദ്യമായിട്ട് "സാറെ ഗുഡ്മോർണിംഗ്" എന്ന വാക്കുകൾ കേൾക്കാൻ കൊതിച്ചുപോയി.

അപ്പോളേക്കും മക്കളും എത്തി.. അവരുടെ കയ്യിൽ അങ്കിളിനുള്ള സാൻഡ്‌വിച് ഉണ്ട്.. ഒരു ആപ്പിളും..

"അങ്കിൾ വന്നില്ലേ പപ്പാ...?? "

"ഇന്ന് അങ്കിൾ ലേറ്റ് ആണ് മോളെ.. നിങ്ങളെ ഡ്രോപ്പ് ചെയ്തിട്ട് വരുമ്പോളേയ്ക്ക് എത്തുമായിരിക്കും. "

"എന്നാൽ പപ്പാ.. ഈ ആപ്പിൾ അങ്കിളിനു കൊടുത്തേക്കണേ... "

അഞ്ചുദിവസമായി... രാജൻ വന്നില്ല ഇതുവരെ.

എന്നും കരുതും നാളെ എത്തും എന്ന്.

"പപ്പയ്ക്ക് ഒന്ന് വിളിച്ചു നോക്കിക്കൂടെ..? "

മോള് പറഞ്ഞപ്പോൾ ആണ് ഓർത്തത് അയാളുടെ നമ്പർ ഇല്ലെന്ന്.. എന്നും കാണുമെങ്കിലും ഒരിക്കൽ പോലും ഫോൺ നമ്പർ ചോദിച്ചിട്ടില്ല.. അല്ലെങ്കിൽ തന്നെ അയാൾക്ക് ഒരു ഫോൺ ഉണ്ടെന്ന് തോന്നുന്നുമില്ല. ഒരിക്കൽ പോലും അയാളുടെ കയ്യിൽ ഫോൺ കണ്ടിട്ടും ഇല്ല.. ഒരിക്കൽ താൻ ചോദിച്ചപ്പോൾ പറഞ്ഞത് ഓർമ്മ വരുന്നു..

"ആരെ വിളിക്കാൻ ആണ് സാറെ എനിക്ക് ഫോൺ? "

വീക്കെൻഡ് ആയത് കൊണ്ട് രണ്ട് ദിവസം സ്കൂൾ ഇല്ല. എങ്കിലും രാവിലെ ബാൽക്കണി തുറന്നു നോക്കി.. സൗമ്യനായ ഒരു മനുഷ്യൻ താഴെ നോക്കി നിൽപ്പുണ്ടോ എന്ന്..

"സാറെ, അവധി ആയിട്ടും നേരത്തെ എണീറ്റോ? " എന്ന് ചോദിക്കുന്നുണ്ടോ?

പ്രിയപ്പെട്ട ആരോ പിരിഞ്ഞു പോയ പോലെ തോന്നുന്നു.

പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു നൊമ്പരം.

ഇടയ്ക്ക് അയാൾ പറഞ്ഞത് ഓർമയുണ്ട്. ക്ലിനിക്കിന് പുറകിൽ ആണ് താമസം എന്ന്..

ഞായറാഴ്ച കൂടി നോക്കാം.. അന്ന് വന്നില്ലെങ്കിൽ വൈകിട്ട് ഒന്ന് അന്വേഷിക്കണം.

ഞായറാഴ്ച രാവിലെയും അയാൾ എത്തിയില്ല..

"വൈകിട്ട് എന്തായാലും ഞാൻ ഒന്ന് പോയി നോക്കാം മക്കളെ. ചിലപ്പോൾ സുഖില്ലാതെ കിടപ്പായിരിക്കും.. "

അന്നത്തെ പകലിന് പതിവിൽ കൂടുതൽ ചൂടുള്ളത്പോലെ..

വൈകുന്നേരം ആയാൽ രാജന്റെ റൂം അന്വേഷിച്ചു പോകേണ്ടതാണ്.. ഏഴുമണിയോടെ ഓഫീസിൽ നിന്നിറങ്ങുമ്പോൾ വല്ലാത്ത ക്ഷീണം തോന്നി. ക്ലിനിക്കിന്റെ അടുത്തുള്ള കോഫിഷോപ്പിൽ അന്വേഷിച്ചപ്പോൾ എട്ട് മണിക്ക് ശേഷം പണി കഴിഞ്ഞു വരുന്ന നാല് പേരെ കണ്ടിട്ടുണ്ട് എന്ന് പറഞ്ഞു. കാത്തിരിക്കുക തന്നെ.. അത് അവർ തന്നെ ആയിരിക്കുമെന്ന് മനസ്സ് പറഞ്ഞു.

പൊടിനിറഞ്ഞ ഒരു പിക്കപ്പ് ഇടവഴിയിലേക്ക് വരുന്നത് കണ്ട് അവരുടെ പിറകെ വണ്ടിയോടിച്ചു. പഴയൊരു കെട്ടിടത്തിന്റെ മുന്നിൽ അവർ നാലുപേർ പുറത്തിറങ്ങി.

വണ്ടിയൊതുക്കി അവരുടെ മുന്നിലേക്ക് ഓടിയെത്തി..

"ഞാൻ രാജനെ തിരക്കി വന്നതാണ്.. നിങ്ങളുടെ കൂടെയാണോ അയാൾ താമസിക്കുന്നത്? "

മുഖവുരയില്ലാതെ അത് പറയുമ്പോൾ നെഞ്ച് പിടയുന്നത് തിരിച്ചറിയുകയായിരുന്നു ഞാൻ.

ഒരു നിമിഷത്തേക്ക് ഒന്നും മിണ്ടിയില്ല ആരും..

"നിങ്ങൾ ആരാ രാജന്റെ? "

കൂട്ടത്തിൽ ഒരാൾ ചോദിച്ചു.

"ആരുമല്ല.. "

എന്ന് പറയാൻ ആണ് ആദ്യം തോന്നിയത്.. പക്ഷേ അയാൾ തന്റെ ആരോ ആണെന്ന തോന്നൽ ആണല്ലോ തന്നെ ഇവിടെ എത്തിച്ചത്.

"എന്റെ വണ്ടി ക്ലീൻ ചെയ്യാൻ വരുമായിരുന്നു. കഴിഞ്ഞ ഒരാഴ്ചയായി വരുന്നില്ല.. അതുകൊണ്ട്.....സുഖമില്ലാതെ വല്ലതും? "

"രണ്ട് ദിവസം കാണാഞ്ഞപ്പോൾ ആണ് സാറെ ഞങ്ങളും അന്വേഷിച്ചത്.. ഏതോ വണ്ടി തട്ടി വഴിയിൽ മരിച്ചു കിടന്നു. ആരാണെന്നു അറിയാതെ മോർച്ചറിയിൽ വച്ചു പോലീസ്.. നാട്ടിൽ വിളിച്ചപ്പോൾ ആ പെണ്ണുംപിള്ള പറഞ്ഞു അങ്ങോട്ട് കേറ്റിവിടേണ്ട എന്ന്. ഒടുവിൽ ഇന്നലെ പൊതുശ്മശാനത്തിൽ അടക്കി സാറെ.. ഇത്രേം ഉള്ളൂ നമ്മുടെ കാര്യമൊക്കെ.. ജീവിതകാലം മുഴുവൻ വീട്ടുകാർക്ക് വേണ്ടി കഷ്ടപ്പെട്ട് അവസാനം ആർക്കും വേണ്ടാതെ എവിടേലും വീണുമരിക്കും.."

അവർ എന്തൊക്കെയോ വീണ്ടും പറഞ്ഞു കൊണ്ടേയിരുന്നു.. എങ്കിലും ഞാൻ ഒന്നും കേൾക്കുന്നില്ലായിരുന്നു.. നിറഞ്ഞൊഴുകുന്ന കണ്ണുനീർ തുടയ്ക്കാൻ പോലുമാകാതെ നിന്നു. പ്രിയപ്പെട്ട ഒരുവന്റെ വേർപാട് എത്ര വേദനാജനകമെന്നു തിരിച്ചറിഞ്ഞ നിമിഷങ്ങൾ. അങ്കിളിനു കൊടുക്കാൻ മക്കൾ പറഞ്ഞിട്ട് വാങ്ങിയ ആപ്പിൾ അവർക്ക് കൊടുത്തിട്ട് തിരിഞ്ഞു നടക്കുമ്പോൾ "സാറെ "എന്നൊരു പിൻവിളിക്കായി മനസ്സ് വെമ്പുന്നത് തിരിച്ചറിഞ്ഞു ഞാൻ.

വീടിന് മുന്നിൽ എത്തി വണ്ടി നിർത്തി പുറത്തിറങ്ങിയപ്പോൾ ഇരുളിൽ നിന്നൊരാൾ അടുത്തേയ്ക്ക് വന്നു.

"സാറെ, വണ്ടി ക്ലീൻ ചെയ്യണോ?? "

എന്ത് പറയണം എന്നറിയാതെ അയാളുടെ മുഖത്തേയ്ക്ക് നോക്കി.

മാസങ്ങൾക്ക് മുൻപ് കണ്ട അതെ നിർവ്വികാരികത നിറഞ്ഞ കണ്ണുകൾ, പ്രാരാബ്ധം

തളർത്തിയ ശരീരം, ക്ഷീണിച്ച സ്വരം.

"എന്താ നിങ്ങളുടെ പേര്? നാട്ടിൽ എവിടാ? "

"എന്റെ പേര് നസീർ എന്നാണ് സാറെ... നാട്ടിൽ കോഴിക്കോട്...."


വഴിവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ തെളിഞ്ഞ അയാളുടെ നിഴലിനും നീളക്കൂടുതൽ ഉണ്ടെന്ന് തിരിച്ചറിയുകയായിരുന്നു ഞാൻ അപ്പോൾ !!


ആലിയ എം. റാഫി


അൽഫിയ നാസർ


ബെറ്റി തോമസ്






കണക്കിലെ കളി കണമലയിലെ കുട്ടികൾ കാര്യമായി എടുത്തതോടെ സംസ്ഥാന തല മത്സരത്തിൽ നേടാനായത് എ ഗ്രേഡ് ഉൾപ്പെടെ രണ്ടാം സ്ഥാനം..... കണമല സാന്തോം ഹൈസ്കൂളിനാണ് ഈ അഭിമാന നേട്ടം....

ഗണിതത്തിലെ വിവിധ വിഷയങ്ങൾ കോർത്തിണക്കി സാന്തോം സ്കൂളിലെ ഗണിത ക്ലബ്ബ് വിദ്യാർത്ഥികൾ തയ്യാറാക്കിയ കയ്യെഴുത്ത് രചനക്കാണ് രണ്ടാം സ്ഥാനവും എ ഗ്രേഡും ലഭിച്ചത്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഗണിത കയ്യെഴുത്ത് മാഗസിന് വേണ്ടിയാണ് സബ് ജില്ലാ, ജില്ലാ തലങ്ങളിൽ നടന്ന മത്സരങ്ങൾക്ക് ശേഷം സംസ്ഥാന തല മത്സരം നടന്നത്. ജില്ലാതല മത്സരത്തിൽ കോട്ടയം ജില്ലയിൽ ഒന്നാം സ്ഥാനം കണമല സാന്തോം സ്കൂളിനായിരുന്നു.

തുടർന്ന് നടന്ന സംസ്ഥാന തല മത്സരത്തിൽ കണ്ണൂർ മുണ്ടേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനം കണമല സാന്തോം ഹൈസ്കൂളും മൂന്നാം സ്ഥാനം

തിരുവനന്തപുരം പിരപ്പൻകോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും എ ഗ്രേഡോടെ കരസ്ഥമാക്കി. ഗണിതത്തിലെ പദപ്രശ്നങ്ങൾ, യുക്തി പരീക്ഷണങ്ങൾ, വിഷമം പിടിച്ച ചോദ്യങ്ങൾക്ക് ഉത്തരം പെട്ടന്ന് കിട്ടാൻ സഹായിക്കുന്ന സൂത്ര വഴികൾ, ജോമട്രി, ഗണിത ശാസ്ത്രത്തെ ലളിതമായി ഗ്രഹിക്കാൻ സഹായിക്കുന്ന അറിവുകൾ, ലേഖനങ്ങൾ, വിവിധ ശാസ്ത്ര വിഷയങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തി തയ്യാറാക്കിയ പ്രയോജനപ്രദമായ അറിവുകൾ, ലേഖനങ്ങൾ തുടങ്ങി കാര്യമാത്രപ്രസക്തവും ആധുനികവുമായ അവതരണ രീതിയും ശ്രദ്ധേയമാക്കുന്ന രചനയാണ് മികച്ചതായി തെരഞ്ഞെടുക്കപ്പെട്ടത്. എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ കുട്ടികൾ ഉൾപ്പെട്ട ഗണിത ക്ലബ്ബ് ആണ് ഇത് മുഴുവനും തയ്യാറാക്കിയത്. പത്താം ക്ലാസ് വിദ്യാർത്ഥി കെ ആർ രാഹുൽ ആയിരുന്നു ചീഫ് എഡിറ്റർ. മികച്ച വിജയം നേടിയ കുട്ടികളെ സ്കൂൾ മാനേജർ ഫാ. മാത്യു നിരപ്പേൽ, കണമല വാർഡ് അംഗം അനീഷ് വാഴയിൽ, ഹെഡ് മിസ്ട്രസ് ജോയ്സ് കെ ജോസഫ്, പിടിഎ പ്രസിഡന്റ് കെ എസ് അജയകുമാർ, സ്കൂളിലെ ഗണിതശാസ്ത്ര അധ്യാപകരായ സന്ധ്യാ മാണി, സിസ്റ്റർ രഞ്ചു പി സെബാസ്റ്റ്യൻ തുടങ്ങിയവർ അനുമോദിച്ചു.




നവ്യ ഷാജൻ

ചെറുകഥ

# അമ്മ പറഞ്ഞത്

ടോം ജോർജ്
സാൻമേറ്റ്

അമ്മേ... അമ്മയുറങ്ങിയോ?

ചേർന്ന് കിടന്ന അലീനയെ ഒന്നൂടെ ചേർത്ത് കെട്ടിപ്പിടിച്ച കൊണ്ട്" ഊം.... " എന്ന് മൂളി എൽസി..

ഉറങ്ങിയാൽ പിന്നെയെങ്ങനാ അമ്മ മൂളിയത്??

എന്റെ പൊന്ന് കുട്ടൂസേ.. നീ ഉറങ്ങാതെ അമ്മ ഉറങ്ങുമോ?? അമ്മയ്ക്ക് ഉറക്കം വരുമോ?? നീ വേഗം ഉറങ്ങ്..

ഇന്ന് ഉറക്കം വരുന്നില്ല അമ്മേ... അമ്മയുടെ കൈ ഇച്ചിരി അയച്ചേ.. എനിക്ക് ശ്വാസം മുട്ടുന്നു...

അച്ഛൻ വരാറായില്ലേ അമ്മേ?? പണി കഴിഞ്ഞു വരുമ്പോൾ എനിക്ക് മുട്ടായി വാങ്ങി കൊണ്ട് വരാമെന്ന് പറഞ്ഞതാ രാവിലെ..

ഇങ്ങ് വരട്ടെ.. മിണ്ടത്തില്ല ഞാൻ..

അച്ഛൻ വരും മോളെ.. നല്ല മഴയല്ലേ.. അച്ചന്റെ കയ്യിൽ കുടയൊന്നും ഇല്ലല്ലോ? വല്ല കടത്തിണ്ണയിലും കേറി നിൽക്കുന്നുണ്ടാകും.. എന്നാലും ഇത്രയും നേരമായല്ലോ കർത്താവെ.. കണ്ടില്ലാലോ.. ഈ കൊച്ച് ആണേ എപ്പോ തൊട്ട് നോക്കിയിരിക്കുവാ മുട്ടായി തിന്നാൻ.. ഇനി വല്ല കള്ളും കുടിച്ച് ഇരിക്കുവാണോ?? ഇന്ന് പണിക്കാശു കിട്ടുന്ന ദിവസം ആണല്ലോ.. വല്ലപ്പോഴും ഇച്ചിരി കുടിക്കുമെങ്കിലും ഇത്രയും വൈകിയിട്ടില്ല..

മോൾ ഉറങ്ങിക്കോ.. മുട്ടായി രാവിലെ തിന്നാം.. അമ്മ മാറ്റിവച്ചേക്കാമെ..

ഇന്ന് എന്തൊരു മഴയാണ് അമ്മേ? ഉച്ചയ്ക്ക് തുടങ്ങിയതാ..

അമ്മേ, എന്റെ കാലിൽ ഒക്കെ വെള്ളം വീഴുന്നു.. ഇച്ചിരി നീങ്ങി കിടക്കട്ടെ.

മോൾക്ക് തണുക്കുന്നുണ്ടോ?? ഈ പുതപ്പ് ഇച്ചിരൂടെ വലിച്ചോ അങ്ങോട്ട്..

അപ്പൊ അമ്മയ്ക്ക് തണുക്കില്ലേ??

അത് സാരമില്ല മോളെ..ഈ മഴയ്ക്കൊന്നും അമ്മയ്ക്ക് തണുക്കില്ല..
മോൾടെ കയ്യ് ആ പുതപ്പിനടിയിലേയ്ക്ക് വയ്ക്ക്.. എറിച്ചലിടിച്ച് നനയുവാ എന്റെ കൊച്ചിന്റെ കൈയൊക്കെ..

അമ്മേ എന്റെ കാലിൽ ഒക്കെ ഉറുമ്പ് കടിക്കുന്നല്ലോ??
അപ്പിടി ഉറുമ്പാണ് ഇവിടെല്ലാം.. അമ്മ ഇന്ന് ഉത്തില്ലാരുന്നോ?? ഈ ഉറുമ്പ് ഒക്കെ എവിടുന്നു വന്നു???

അമ്മേ.. എന്റെ കളർ പെൻസിലും കളർ ബുക്കും നനയാതെ മാറ്റി വച്ചിട്ടുണ്ടോ??
നാളെ അംഗനവാടി പോകുമ്പോൾ ടീച്ചർ ചോദിക്കും.. അലീനമോളെ.. കളർ ചെയ്തത് കാണിച്ചേ എന്ന്.. അമ്മ കണ്ടാരുന്നോ ഞാൻ കളർ ചെയ്തത്.. നമ്മുടെ വീടും അതിന്റെ പിറകിലെ മലയും ആണ് ഇന്ന് അമ്മയുടെ കുട്ടൂസ് വരച്ച് കളർ ചെയ്തത്..

അമ്മ കണ്ടായിരുന്നു കുട്ടൂസെ... മോള് നന്നായി വരച്ചു.. നാളെ ടീച്ചറ് മോൾക്ക് മുട്ടായി തരും..

ഇന്ന് എന്നാ അമ്മേ പുറത്ത് ഒത്തിരി ഒച്ച കേൾക്കുന്നേ??

അത് ആൾക്കാര് പണിയുന്നതാ മോളെ..

ഈ മഴയത്തു രാത്രി അവർ എന്നതാ അമ്മേ പണിയുന്നത്?? എന്തൊരു ഒച്ചയാ !!
അതാ എനിക്കുറക്കം വരാത്തത്..
അമ്മ ഒരു കഥ പറ.. അത് കേട്ട് ഞാൻ ഉറങ്ങാം..

എന്റെ കുട്ടൂസിനു ഏത് കഥയാണ് ഇന്ന് കേൾക്കേണ്ടത്??
ഇന്ന് അമ്മയ്ക്ക് ഇഷ്ടമുള്ള ഒരു കഥ പറയ്..

ഒരിടത്തൊരിടത്തൊരു കാട്ടിൽ ഒരു അച്ഛൻ കിളിയും അമ്മക്കിളിയും ഒരു കിളികുഞ്ഞും ഉണ്ടായിരുന്നു.. അച്ഛൻ കിളി എന്നും പറന്നു പോയി തീറ്റ കൊണ്ടു വരും.. അമ്മക്കിളി അത് കൊണ്ട് പലഹാരങ്ങൾ ഒക്കെ ഉണ്ടാക്കി കുഞ്ഞികിളിക്കു കൊടുക്കുമായിരുന്നു..
നീ കേൾക്കുന്നുണ്ടോ കുട്ടൂസെ??

ഉണ്ട് അമ്മേ.. ബാക്കി പറ..

അങ്ങനെ ഒരു ദിവസം അച്ഛൻ കിളി പോയി കഴിഞ്ഞപ്പോൾ വലിയ കാറ്റും മഴയും ഉണ്ടായി. കൂടിരുന്ന മരം മറിഞ്ഞു താഴെ വീണു.. അമ്മക്കിളിയും കുഞ്ഞും കൂടു തകർന്നു മരിച്ചു പോയി..

അച്ഛൻ കിളി വന്നപ്പോൾ മരം മറിഞ്ഞു കിടക്കുവാ.. അമ്മക്കിളിയെയും കുഞ്ഞിനേയും കാണാനില്ല.. അച്ഛൻ കിളി അവിടെല്ലാം കരഞ്ഞു പറന്നു..

എന്നിട്ടെന്തായി അമ്മേ??

എന്നിട്ട് ഇന്നും ആ അച്ഛൻകിളി അവരെ തിരഞ്ഞു കരഞ്ഞു പറക്കുവാ..

പാവം കിളി.. എന്നാലും അവർ മരിക്കേണ്ടായിരുന്നു അമ്മേ.. ഈ മരിക്കുന്നവർ ഒക്കെ എവിടെ പോകും അമ്മേ??

അവരൊക്കെ ആണ് മോളെ നമ്മൾ ആകാശത്തു രാത്രിയിൽ കാണുന്ന നക്ഷത്രങ്ങൾ..

അപ്പൊ ആ അമ്മക്കിളിയും കുഞ്ഞും നക്ഷത്രങ്ങൾ ആയോ അമ്മേ??

ആയി കുട്ടൂസെ...മോള് കേട്ടിട്ടില്ലേ.. രാത്രിയിൽ ആ കിളി കരയുന്നത്..
ആകാശത്തേയ്ക്ക് നോക്കി ആ അച്ഛൻ കിളി കരയുന്നതാ.

എന്റെ ദേഹത്തൊക്കെ ഉറുമ്പ് കടിക്കുന്നു..
അമ്മ ഒന്ന് ഊത്ത് കളഞ്ഞേ ഈ ഉറുമ്പിനെയൊക്കെ.

അമ്മയുടെ കൈകൾക്ക് എന്ത് തണുപ്പാ അമ്മേ !!
അച്ഛൻ വന്നില്ലേ അമ്മേ??പുറത്തു നിന്ന് കൂടുതൽ ശബ്ദം കേൾക്കുന്നല്ലോ അമ്മേ !!
അവർ നമ്മുടെ വീടിനു അടുത്ത് എത്തി എന്ന് തോന്നുന്നു..

ശരിയാ മോളെ..
ആരോ കതകിൽ മുട്ടുന്നപോലെ..
അച്ഛൻ ആരിക്കും.. അമ്മ പോയി നോക്കട്ടെ..

******************************

"സാറെ, ഇവിടെ ഒരു ബോഡി ഉണ്ട്.."
മണ്ണുമാന്തി യന്ത്രം നിശബ്ദമായി, കൈകൾ മടക്കി മാറി നിന്നു..
"ഒന്നല്ല സാറെ.. രണ്ട് പേരാ.. ഒരു അമ്മയും കുഞ്ഞും.. കണ്ടിട്ട് സഹിക്കണില്ല സാറെ.. അമ്മ ഇപ്പോഴും ആ കുഞ്ഞിനെ കെട്ടിപിടിച്ചാണ് കിടക്കുന്നത്. "
വിളിച്ചു പറഞ്ഞവന്റെ തൊണ്ടയിടറി, കണ്ണുകൾ നിറഞ്ഞൊഴുകി..

"ഇത് ആ ലാസറിന്റെ ഭാര്യ എൽസിയും കുഞ്ഞുമാണല്ലോ !"

ഓടിയെത്തിയവരിൽ ഒരാൾ വിളിച്ചു പറഞ്ഞു..

എന്റെ മോളെ എന്ന് നിലവിളിച്ചുകൊണ്ട് ലാസർ അവരെ കെട്ടിപിടിച്ചു നിലത്തു കിടന്നു. മഴ നനഞ്ഞു അലിഞ്ഞ നാരങ്ങ മുട്ടായി അയാള് അപ്പോഴും ഒരുകയ്യിൽ മുറുകെപ്പിടിച്ചിരുന്നു..
ഒരു കൈകൊണ്ട് അവളെയും മുട്ടായി കയ്യാൽ മകളെയും ചേർത്ത് പിടിച്ച് അയാൾ നിലവിളിച്ചു. എനിക്കിനി ആരുണ്ട്... ഞാൻ ഇനി എന്തിന് ജീവിക്കണം എന്ന് പറഞ്ഞു നിലത്തു കിടന്നുരുണ്ടു..

അടർത്തി മാറ്റാൻ വിസമ്മതിച്ച അമ്മയുടെ കൈകൾ ബലമായി മാറ്റി, പുതച്ചിരുന്ന നനഞ്ഞു കുതിർന്ന പുതപ്പ് മാറ്റി, കൂടിനിന്നവർ അവരെ ആംബുലൻസിലേക്ക് മാറ്റിയപ്പോളേക്കും ആ കുഞ്ഞു ദേഹത്ത് നിന്നുള്ള ഉറുമ്പുകൾ അയാളുടെ മിട്ടായി കയ്യിലേക്ക് അരിച്ചിറങ്ങിയിരുന്നു.



തന്നെ വാരിയെടുത്ത പേരെഴുതിയ കാക്കി ഉടുപ്പിനോട് അവൾ അപ്പോളും ചോദിച്ചു..
എന്റെ അച്ഛൻ വന്നോ അങ്കിളേ???

അല്പം മാറി, മലയിറങ്ങി വന്ന ഉരുളൻ കല്ലിന്റെ മേലിരുന്ന മഴ നനഞ്ഞു അയാൾ ആകാശത്തേയ്ക്ക് നോക്കി ചോദിച്ചു..
"നിനക്കിനിയും മതിയായില്ലേ?"അഅപ്പോളും ചിറക് തളർന്ന ഒരു അച്ഛൻകിളി അയാൾക്ക് ചുറ്റും കരഞ്ഞു പറക്കുന്നുണ്ടായിരുന്നു

കഥ



# മാതൃത്വത്തിന്റെ വില





റെയ്ഹാൻ ഫാത്തിമ

മാതൃത്വം എന്ന മൂന്നക്ഷരത്തിന്റെ വില മനസ്സിലാക്കാതെ, നൊന്തുപെറ്റ തന്റെ കുട്ടിയെ ഒരു ദാക്ഷിണ്യവും കൂടാതെ കുപ്പത്തൊട്ടിയിൽ കൊണ്ടിട്ടപ്പോൾ ആ അമ്മ മനസ്സിലാക്കാതെ പോയ ഒരു കാര്യമുണ്ട്-"ആരും ഇല്ലാത്തവർക്ക് ദൈവം തുണയുണ്ട്" എന്നത്. മാതൃത്വ ത്തിന്റെ രുചിയറിയാതെ, തന്റെ മാതാവ് ആരെന്നുപോലുമറിയാതെ, ആ ചവറു പ്രദേശത്ത് ഒരുനുള്ള ജീവനുവേണ്ടി പിടയുമ്പോൾ ആളും അനക്കവും മനുഷ്യനും ഒന്നുമില്ലാത്ത ആ പ്രദേശത്തുകൂടി തെണ്ടിനടന്ന ഒരു തെരുവുനായയാണ് ആ കുട്ടിയെ മനുഷ്യന്റെ മുമ്പിൽ കൊണ്ടിട്ടത്.അതും ഒരു പോറൽ പോലും ഏൽപ്പിക്കാതെ...സ്നേഹത്തിന്റെ പര്യായമായ ഒരു സ്ത്രീയാണ് ആ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത്.ഇന്നും അമേരിക്കയിലെവിടയോ സന്തോഷവാനായി അവൻ ജീവിക്കുന്നു.മനസ്സ് തുറന്ന് സ്നേഹിക്കാൻ, നൊന്തുപെറ്റില്ലങ്കിലും സ്വന്തം എന്നു കരുതുന്ന ആനി-റിച്ചാർഡ് ദമ്പതികളോടൊപ്പം....



അന്ന് ആ കുട്ടിയെ ഉപേക്ഷിക്കുമ്പോൾ ആ അമ്മയുടെ അവസ്ഥ എന്തായിരിക്കാം? ഒരുപക്ഷേ നിസ്സഹയത,അല്ലെങ്കിൽ കൊടും ക്രൂരത അതുമല്ലെങ്കിൽ മറ്റെന്തോ......എന്നാൽ ആ നായ? ഒരു മനുഷ്യച്ചോരയെ ഒരു പോറൽ പോലും ഏൽപ്പിക്കാതെ തെരുവിലെ ആൾക്കൂട്ടത്തിൽ കൊണ്ടിട്ടപ്പോൾ അതിന് സ്വയം തോന്നിയ വികാരം എന്തായിരിക്കാം?ഒരുപക്ഷേ ആ നായയും ഒരു അമ്മയായിരിക്കാം...തന്റെ മക്കളെ ഏതോവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന... വേർപാടിന്റെ വേദനയറിഞ്ഞ് സ്വയം പര്യാപ്തയായി ജീവിക്കുന്ന ഒരു അമ്മ. അതുതന്നെയാവാം ഒരു മനുഷ്യച്ചോരയെ കണ്ടപ്പോൾ അതിനെ തന്നെക്കൊണ്ട് പറ്റുന്ന രീതിയിൽ രക്ഷിക്കാൻ തുനിഞ്ഞതിന്റെ കാരണവും....

ആ കുഞ്ഞിന്റെ യഥാർഥ മാതാവ് ആരായിരിക്കാം?ഒരുപക്ഷേ അന്ന് ആ കുട്ടിയെ ആശുപത്രിയിൽ എത്തിച്ച സ്ത്രീ.....അല്ലായിരിക്കാം....അറിയില്ല...

ഇങ്ങനെ ഉത്തരങ്ങളില്ലാത്ത ഒരുപാട് ചോദ്യങ്ങളുമായി, എല്ലാം കണ്ടും അറിഞ്ഞും നിശ്ശബ്ദയായി ഭൂമി കറങ്ങിക്കൊണ്ടേയിരിക്കുന്നു....


കലോത്സവം
2019-20
സാൻതോം എച്ച്.എസ്. കണമല
ഏവർക്കും സ്വാഗതം


കലോത്സവ
വേദികളിലൂടെ...
കലോത്സവം
2019-20


SANTHOME H.S.
KANAMALA
കലോത്സവം
2019-20


SPC
SANTHOME H.S.
KANAMALA

I

SanThome little KITEs 2020

# thanks

## നന്ദി

പ്രിയപ്പെട്ടവരെ,

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ രണ്ടാമത് ഡിജിറ്റൽ മാഗസിൻ ആണിത്.മികച്ചത് എന്ന് അവകാശപ്പെടുന്നില്ല. അംഗങ്ങൾ എല്ലാവരും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമാണിത്. നിറഞ്ഞ സംതൃപ്തിയോടെയാണ് ഇത് നിങ്ങളുടെ മുമ്പിൽ എത്തിക്കുന്നത്. സർഗാത്മകരചനകൾ തന്ന പൂർവവിദ്യാർത്ഥികളടക്കമുള്ളവർ, പ്രോത്സാഹിപ്പിച്ച അധ്യാപകർ , മാനേജർ, വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, നിർദ്ദേശങ്ങൾ തന്ന ജില്ലാ മാസ്റ്റർ ട്രെയിനർമാർ, കൈറ്റ് മാസ്റ്റർ ജിമ്മിസാർ, കൈറ്റ് മിസ്ട്രസ് ദീപ ടീച്ചർ ... എല്ലാവർക്കും നന്ദി

സബ് എഡിറ്റേഴ് സ്
സുദീപ് സന്തോഷ്
അന്നമ്മ ക്ലീറ്റസ്
അൻസിൽ സി. വൈ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
സാൻതോം ഹൈസ്കൂൾ കണമല
LK/2018/32025